പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61 | 23/12/2010-ൽ മറുപടിയ്ക്ക് |
|---|---|

## മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് :<br>ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എം. മുരളി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | (എ) കേരളത്തിൽ നിലവിലുള്ള ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലകളുടെ സമഗ്ര വികസനവും പരിപോഷണവും സാധ്യമാക്കുകയാണ് പ്രധാനമായും കേരള ആരോഗ്യസർവ്വകലാശാല സ്ഥാപിച്ചതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പ്രശസ്ത മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ദനായ ഡോ. കെ. മോഹൻദാസിനെ വൈസ്ചാൻസലറായി നിയമിച്ചു. പ്രോ വൈസ്ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയ പ്രധാന തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുകയും കൗൺസിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.<br>യൂണിവേഴ്സിറ്റിയുടെ ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിന് തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നിന്നും 63.60 ഏക്കർ ഭൂമി യൂണിവേഴ്സിറ്റിക്കായി സർക്കാർ നല്കിക്കഴിഞ്ഞു. ആധുനിക വിവര സാങ്കേതിക വിദ്യാസംവിധാനങ്ങളുടെ സഹായത്തോടെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ലളിതവും സുതാര്യവുമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കെട്ടിട നിർമ്മാണത്തിനും മറ്റുമായി 20 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ യൂണിവേഴ്സിറ്റിയുടെ ദൈനം ദിനചിലവുകൾക്കായി 2.5 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>യൂണിവേഴ്സിറ്റി ഓർഡിനൻസിലെ സെക്ഷൻ 50 പ്രകാരം ഓർഡിനൻസ് നിലവിൽ വരുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും പുതുതായി രൂപീകരിച്ച സർവ്വകലാശാലയിൽ സ്വയമേവ അഫിലിയേറ്റ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2011-12 ലേക്കുള്ള അഫിലിയേഷൻ നടപടിയും ആരംഭിച്ചിട്ടുണ്ട്.<br>ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾക്ക് ആദ്യ വർഷത്തെ സിലബസ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷത്തെ സിലബസ് ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു |

(ബി) പ്രസ്തുത സർവ്വകലാശാല പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ ഇനിയും എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആരോഗ്യ സർവ്വകലാശാല ഇപ്പോൾ പ്രവർത്തിക്കുന്നത് തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിലെ താല്ക്കാലിക കെട്ടിടത്തിലാണ്. യൂണിവേഴ്സിറ്റിക്ക് സ്ഥിരം ആസ്ഥാന മന്ദിരം പണിയുന്നതിന് ഇതേ കോളേജ് കാമ്പസ്സിലെ 63.60 ഏക്കർ ഭൂമി സർക്കാർ വിട്ടുകൊടുത്തിട്ടുണ്ട്. ഇതിനോട് ചേർന്ന് കിടക്കുന്ന 17.95 ഏക്കർ സ്വകാര്യ ഭൂമി കൂടി സർവ്വകലാശാലക്ക് വേണ്ടി ഏറ്റെടുക്കാനുള്ള നടപടികളും നടന്നു വരുന്നു. യൂണിവേഴ്സിറ്റി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതിനകം തന്നെ ടെക്നിക്കൽ കൺസൾട്ടൻസി നല്കി കഴിഞ്ഞിട്ടുണ്ട്.

(സി) ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം വേറെ ഏതെല്ലാം ചികിത്സാ രീതികൾ പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് ഓർഡിനൻസ് 2010 പ്രകാരം ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി, നാച്ചുറോപ്പതി, പാരാമെഡിക്കൽ സയൻസ്, ഡെന്റൽ, ഫാർമസി, നഴ്സിംഗ് എന്നീ മേഖലകളും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പരിധിയിൽപെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതൊക്കെ മേഖലയിലെ സർക്കാർ/ സ്വകാര്യ കോളേജുകളെ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ഇ) വിവിധ കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

(ഡി) & (ഇ) യൂണിവേഴ്സിറ്റി ഓർഡിനൻസിലെ സെക്ഷൻ 50 പ്രകാരം ഓർഡിനൻസ് നിലവിൽ വരുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും പുതുതായി രൂപീകരിച്ച സർവ്വകലാശാലയിൽ സ്വയമേവ അഫിലിയേറ്റ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം 2010 - 11 വർഷത്തെ അഫിലിയേഷൻ പൂർത്തിയാക്കുകയും 2011-12 വർഷത്തെ അഫിലിയേഷൻ നടത്താനുള്ള നടപടികൾ സ്വീകരക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 62 23.12.2010 - ൽ മറുപടിക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എം. മോനായി :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എം.ജെ. ജേക്കബ് : | | | ശ്രീ. എം. വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | (എ) യും (ബി) യും | ഡെൽഹി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിലാണ് കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് രൂപകൽപന നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സ്ഥലമെടുപ്പിനും വേണ്ടി കേരള സർക്കാർ 158.68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുപ്പു നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ; | | |
| (സി) | പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്നറിയിക്കുമോ; | (സി) | 2009-ൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പുതുക്കിയ നിർദ്ദേശമനുസരിച്ച് 4427 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി ഊർജ്ജിത ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. തത്വാധിഷ്ഠിത അംഗീകാരത്തിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കം പുലർത്തിവരുന്നു. പ്രധാനമന്ത്രിക്കും, ധനകാര്യ മന്ത്രിക്കും, നഗരവികസന മന്ത്രിക്കും, ആസൂത്രണ കമ്മീഷനും മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും നേരിട്ട് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വ കക്ഷി |

| | | | |
|---|---|---|---|
| | | | സംഘം ഇക്കാര്യത്തിൽ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിട്ടുമുണ്ട്. |
| (ഇ) | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (ഇ) | കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചാലുടൻ തന്നെ പദ്ധതി പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 63 — 23-12-2010-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്:<br>ശ്രീ.തോമസ് ചാഴികാടൻ:<br>ശ്രീ.റോഷി അഗസ്റ്റിൻ:<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ)<br>സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുവോ ; | (എ)<br>ഉണ്ട്. |
| (ബി)<br>എങ്കിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നേടുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി)<br>പബ്ലിക് സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള വിദ്യാഭ്യാസ - കായിക രംഗങ്ങളിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. 04-09-2010-ലെ വിജ്ഞാപനം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി)<br>സ്പോർട്സ് ക്വാട്ടയിലൂടെ എത്ര ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത് ; | (സി)<br>2006-08 വർഷങ്ങളിൽ പ്രതിവർഷം 20 ഒഴിവുകൾ വീതം 60 ഒഴിവുകളും 2009-ലെ 50 ഒഴിവുകളും ചേർത്ത് ആകെ 110 ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി)<br>പ്രസ്തുത നിയമനത്തിന് ഇതിനോടകം എത്ര അപേക്ഷകൾ ലഭിച്ചു; നിയമന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി)<br>രണ്ടായിരത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. താമസംവിന നിയമനം നടപ്പിലാക്കാനുള്ള നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 64 — 23.12.2010 - ൽ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു : | | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പു മന്ത്രി) |
| (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായാണ് കേരള റോഡു സുരക്ഷാ അതോറിറ്റി നിലവിൽ വന്നത്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപറയുന്ന നടപടികളാണ് അതോറിറ്റി സ്വീകരിച്ചുവരുന്നത്.<br>1) അപകട സാധ്യതാ മേഖല (Accident Prone Area) യും അതീവ അപകട സാധ്യതാ മേഖലയും(Black Spots):<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും (Accident Prone Area) 217 അതീവ അപകട സാധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2) മാതൃകാ റോഡ് പദ്ധതി:<br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത |

മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.
പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗതാ കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ച് വരുന്നു. ഇക്കാര്യം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.

3) <u>റോഡു സുരക്ഷാ ബോധവൽക്കരണം.</u>
റോഡു സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ടെലിവിഷൻ മാധ്യമങ്ങൾ വഴി ഫിലിമുകൾ സംപ്രേഷണം ചെയ്തും, റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡു സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധ വൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരംരൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>4.റോഡു സുരക്ഷാ ക്ലബ്.</u>
റോഡു സുരക്ഷയെ സംബന്ധിച്ച്

വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂളുകളിലും, കോളേജുകളിലും റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. റോഡു സുരക്ഷാ പ്രോജക്ടും ഗവേഷണവും:

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ - മധുര, അമ്പലപ്പുഴ തിരുവല്ല, അർത്തുങ്കൽ- ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു.

6.ട്രോമാകെയർ:

ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡു സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും, കുറ്റിപ്പുറം, വടകര. പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരള റോഡു സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.

7.പരസ്യ ബോർഡുകൾ.

അപകടത്തിന് കാരണമായേക്കാ

| | | | |
|---|---|---|---|
| (ബി) | അതോറിറ്റി നിലവിൽ വന്നശേഷം നടപ്പാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് : | | വുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.<br>**8. അപകടാനന്തര അന്വേഷണം**<br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പിയും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. |
| (സി) | റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം ഉണ്ടാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് : | (സി) | റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ടെലിവിഷൻ മാധ്യമങ്ങൾ വഴി ഫിലിമുകൾ സംപ്രേഷണം ചെയ്തും, റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡു സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരംരൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ടിപ്പർ ലോറികളിലെയും ചരക്ക് വാഹനങ്ങളിലേയും ഡ്രൈവർമാർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂളുകളിലും, കോളേജുകളിലും റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അപകടസാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ അപകടം കുറയ്ക്കുന്നതിന് അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) | റോഡപകടങ്ങളെ സാംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും (Accident Prone Area) 217 അതീവ അപകട സാധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി 610 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം അതോറിറ്റി നിർദ്ദേശപ്രകാരം 149 അതീവ അപകട സാധ്യതാമേഖലകളിൽ ഹോം ഗാർഡുകളെ പോലീസ് ഡിപ്പാർട്ടുമെന്റ് നിയമിച്ചിട്ടുണ്ട്. |
| (ഇ) | അതോറിറ്റിയുടെ പ്രവർത്തനഫലമായി റോഡപകട നിരക്കിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | 2008-ൽ പ്രവർത്തനം ആരംഭിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ മൂലം വാഹനാപകടങ്ങൾ ചെറിയ |

| | | | |
|---|---|---|---|
| | എങ്കിൽ വിശദാംശം നൽകുമോ : | | തോതിൽ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പോലീസ് വകുപ്പിന്റെ കണക്കനുസരിച്ച് 2009 -ൽ 35433 വാഹനാപകടങ്ങളും 2010 ഒക്ടോബർ മാസം വരെ 29124 വാഹനാപകടങ്ങളും നടന്നിട്ടുണ്ട്. |
| (എഫ്) | റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വിവിധ വകുപ്പുകൾക്ക് ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ? | (എഫ്) | വിവിധ വകുപ്പുകൾക്ക് റോഡു സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളിതുവരെ 2198.148 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**1. റോഡു സുരക്ഷാവാരം 2009**<br>പോലീസ്, റവന്യു, വിദ്യാഭ്യാസം, പൊതുമരാമത്ത് എന്നീ വകുപ്പുകൾക്കും, ആർ.ടി.ഒ മാർക്കും - 33 ലക്ഷം രൂപ<br><br>**2. കെ.എസ്.ആർ.ടി.സി**<br>റോഡുസുരക്ഷാവാരം 2009 അനുബന്ധിച്ച് ട്രാഫിക് ബോധവൽക്കരണം നടത്തുന്നതിന് - 74800 രൂപ<br><br>**3. പൊതുമരാമത്ത് വകുപ്പ്:-**<br>1. 1201 സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന്-610 ലക്ഷംരൂപ<br>2. കൊല്ലം -കോവളം റോഡിന്റെ നവീകരണത്തിന് -227 ലക്ഷം രൂപ<br>..................<br>837 ലക്ഷം രൂപ<br>**4. ആരോഗ്യ വകുപ്പ്:-**<br>1. പോലീസ് ഡിപ്പാർട്ട്മെന്റ് നൽകുന്ന ആംബുലൻസുകൾ സജ്ജീകരിക്കുന്നതിന്<br>-130 ലക്ഷം രൂപ<br>2. കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട എന്നീ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലുകളിൽ ട്രോമ കെയർ സംവിധാനങ്ങൾ ചെയ്യുന്നതിന്.<br>- 370 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | 3 ആംബുലൻസ് വാങ്ങുന്നതിന് -<br>50 ലക്ഷം രൂപ<br>=============<br>550 ലക്ഷം<br><br>**5. മോട്ടോർ വാഹന വകുപ്പ്:-**<br>1. എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ<br>വാങ്ങുന്നതിന് - 206 ലക്ഷം രൂപ<br>2. സ്പീഡ് ക്യാമറകൾ<br>സ്ഥാപിക്കുന്നതിന് -154 ലക്ഷം രൂപ<br>3. പ്രീമൺസൂൺ ട്രെയിനിംഗിന് -<br>4.25 ലക്ഷം രൂപ<br>=========<br>364.25 ലക്ഷം രൂപ<br>**6. പോലീസ് വകുപ്പ്:-**<br>1. ഹൈവേ പട്രോളിംഗിന്<br>ആൽക്കോ മീറ്റർ<br>വാങ്ങുന്നതിന് - 5 ലക്ഷം രൂപ<br>2. 30 സ്പീഡ് ഡിറ്റക്ഷൻ ക്യാമറ<br>-100 ലക്ഷം രൂപ<br>3.20 സ്പീഡ് റഡാർ-200 ലക്ഷംരൂപ<br>4. 50 ആൽക്കോമീറ്റർ-30 ലക്ഷം രൂപ<br>5. റിഫ്ളക്ടീവ് ബാറ്റൺ,<br>ജാക്കറ്റ്, സേർച്ച് ലൈറ്റ്<br>തുടങ്ങിയവ - 25 ലക്ഷം രൂപ<br>==========<br>360 ലക്ഷം രൂപ<br>**7. നാറ്റ് പാക്:-**<br>ആലപ്പുഴ -മധുര,<br>അമ്പലപ്പുഴ- തിരുവല്ല,<br>അർത്തുംഗൽ- ചെല്ലാനം<br>എന്നീ റോഡുകളിൽ റോഡു<br>സുരക്ഷാ ഓഡിറ്റ്<br>നടത്തുന്നതിനായി -7.6 ലക്ഷം രൂപ<br><br>**8. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ:-**<br>കൗൺസിലുകൾക്ക് വാർഷിക<br>ധനസഹായം<br>(14X3 ലക്ഷം വീതം)-42 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | **9. ശബരിമല സേഫ് സോൺ പ്രോജക്ട്**<br>പത്തനംതിട്ട<br>ആർ.ടി.ഒയ്ക്ക് - 3.55 ലക്ഷം രൂപ<br>............. ...................<br>ആകെ 2198.148 ലക്ഷം രൂപ<br>======================= |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 65 — 23.12.2010-ൽ മറുപടിക്ക്

## വ്യാജ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>,, എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി.<br>,, യു. സി. രാമൻ | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പു മന്ത്രി |
| എ) വ്യാജ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ വ്യാപകമായി നിലവിലുണ്ടെന്ന പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വ്യാജ സർട്ടിഫിക്കറ്റുകളിലെ ഹോളോഗ്രാം ഒറിജിനലാണെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണഫലം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇതേക്കുറിച്ച് വിശദമായ അന്വേഷണം പോലീസ് വകുപ്പ് നടത്തിവരുന്നു. |
| സി) ഗതാഗത വകുപ്പു മന്ത്രിയുടെ പേരിൽ വ്യാജ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയാറാക്കിയതായി അറിവുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (സി) പേരിൽ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയിൽമേൽ അന്വേഷണത്തിന് പോലീസിൽ പരാതി നൽകി അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. |
| ഡി) വ്യാജ സർട്ടിഫിക്കറ്റു നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ; | (ഡി) ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുന്നത് പോലീസ് വകുപ്പാണ്. വിശദ വിവരങ്ങൾ ലഭ്യമായിട്ടില്ല. |

ഇ) വളരെ ഗുരുതരമായ ഈ പ്രശ്നത്തിൽ സമഗ്രമായ അന്വേഷണവും, സമ്പൂർണ്ണ വാഹന പരിശോധനയും നടത്താൻ നടപടി സ്വീകരിക്കുമോ ?

(ഇ) ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വാഹന പരിശോധന സുഗമമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിലെ ഡാറ്റാബേസിലെ വിവരങ്ങൾ പോലീസ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ വാഹന പരിശോധനയും രേഖകളുടെ സൂക്ഷ്മ പരിശോധനയും കൂട്ടായി കാര്യക്ഷമമാക്കുന്നതിന് ഉതകുന്ന നടപടികളും സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 66*** 23.12.2010 ൽ മറുപടിക്ക്

## സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. പി. ജയരാജൻ : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്സും വകുപ്പു മന്ത്രി) |
| (എ) ദേശീയ പാതകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ; | (എ) സംസ്ഥാന റോഡുകളുടെ അറ്റകുറ്റപ്പണി പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഇതിന് പുറമേ റോഡുകളുടെ ഇപ്പോഴത്തെ നിലവാരമനുസരിച്ച് വളരെ മോശം, മോശമായവ എന്നിങ്ങനെ തരംതിരിച്ച സംസ്ഥാന പൊതുമരാമത്തു റോഡുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക വിഹിതമായി 718 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി 17.5136 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) അറ്റകുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പണികൾ നിശ്ചിത സമയത്തിനകം നടപ്പാക്കുന്നതിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) മഴക്കാല കെടുതികൾ മൂലം റോഡുകൾക്കു വേണ്ടിവന്ന അടിയന്തിര അറ്റകുറ്റപ്പണികൾ പി.ഡബ്ല്യു.ഡി മന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും നിരീക്ഷിക്കുന്നുണ്ട്. |

പി.ഡബ്ല്യു.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (വിജിലൻസ്) നേതൃത്വത്തിലുള്ള ടീം അറ്റകുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തുന്നുണ്ട്. ടെണ്ടർ വിജ്ഞാപനങ്ങൾ അതത് ജില്ലയിൽ നിന്നും എക്സി. എഞ്ചിനീയർമാർക്ക് നേരിട്ട് നൽകാനും വിവിധ പ്രവർത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി കുറച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) റോഡുകളുടെ അറ്റകുറ്റപ്പണികൾ മന്ദീഭവിക്കുന്നതിന്റെ കാരണം എന്താണ് ; അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) അപ്രതീക്ഷിതമായ ശക്തവും തുടർച്ചയായതുമായ മഴ മൂലമാണ് അറ്റകുറ്റപ്പണികൾ മന്ദീഭവിച്ചത്. 2011 ജനുവരി 31 നകം പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് |
| (ഡി) സംസ്ഥാനത്തെ കാലവർഷത്തിന്റെ ഫലമായി റോഡുകൾക്ക് ഉണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) 12.10.2010 വരെ 133.42 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| (ഇ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഇ) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനായി ആധുനിക യന്ത്രം വാങ്ങുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 67 — 23.12.2010 -ൽ മറുപടിക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>" കെ.കുഞ്ഞിരാമൻ:<br>" സി.എച്ച്.കുഞ്ഞമ്പു:<br>" കെ.വി.കുഞ്ഞിരാമൻ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം ആശ്വാസ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിത ബാധിത പരിഹാര സെല്ലിലേയ്ക്ക് 2006-ൽ അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപ പുനരധിവാസ പ്രവർത്തനത്തിനായി ഉപയോഗിക്കുകയുണ്ടായി. വിവിധ വർഷങ്ങളായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും രോഗികൾക്ക് തുടർ ചികിത്സ നൽകി വരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതർക്ക് 300 രൂപ പ്രതിമാസ വികലാംഗ പെൻഷന് പുറമെ സാമൂഹ്യ ക്ഷേമ വകുപ്പ് വഴി അധിക സഹായമായി 400 രൂപയും രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ സഹായവും നൽകി വരുന്നു. ഇതുകൂടാതെ ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാലചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരിൽപെട്ട രോഗികളായ മറ്റുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6.12.2010-ന് ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 9.4.2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച |

| | |
|---|---|
| | 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ച് വരുന്നു. ആയുർവ്വേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപ്പിസ്റ്റ്, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം രണ്ട് ദിവസം വീതം പതിനൊന്ന് പഞ്ചായത്തുകളിലും എത്തി രോഗികളെ ചികിത്സിച്ച് വരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000 രൂപാ വരെ ചികിത്സയ്ക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഓരോ സബ്സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടേയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൽ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയോ തെറാപ്പിസ്റ്റ്, ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം. വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പി.എച്ച്.സി.,സി.എച്ച്.സി, ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമ ഘട്ടത്തിലാണ്. |

| | |
|---|---|
| (ബി) ദുരിതബാധിതർക്ക് തൊഴിലും പുനരധിവാസവും ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | (ബി) എൻഡോ സൾഫാൻ ദുരിതബാധിതർക്കായി ഒരു പുനരധിവാസ ചികിത്സാ കേന്ദ്രം കാസർഗോഡ് ജനറൽ ആശുപത്രിയിൽ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിപുലമായ പുനരധിവാസ പാക്കേജ് തയ്യാറായി വരുന്നു. |
| (സി) വിവിധ ജില്ലകളിലായി എത്ര ദുരിതബാധിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (സി) കാസർഗോഡ് ജില്ലയിൽ നടത്തിയ സർവ്വേയിൽ 2836 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. 2010 നവംബറിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കപ്പെടുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരും ആശ വോളണ്ടിയർമാരും വഴി പ്രാഥമിക സർവ്വെ നടത്തിയിരുന്നു. ഈ ജില്ലകളിൽ വിവിധ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരായി കണ്ടെത്തിയവരിൽ കൂടുതൽ വിശദമായ പരിശോധനകൾ വഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളാണോ എന്നു പറയാൻ കഴിയുകയുള്ളൂ. |
| (ഡി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 9.4.2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിൽ എത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ച് വരുന്നു. കൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള ന്യൂറോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി 22 മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും 1411 രോഗികൾക്ക് ചികിത്സ നൽകുകയും ചെയ്തു. പിഎച്ച്.സി.,സി.എച്ച്.സി, ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും |

| | |
|---|---|
| | അന്തിമ ഘട്ടത്തിലാണ്. |
| (ഇ) ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ദുരിതബാധിതർക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് വേണ്ടി ഒരു ചികിത്സ പുനരധിവാസ പാക്കേജ് തയ്യാറാക്കി വരുന്നു. ഇത് ഉടനെ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 68 23.12.2010 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എൻ. വാസവൻ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. വി. ശശികുമാർ | ശ്രീ.ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി. സി.യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | KSRTC-യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സ.ഉ.(എം.എസ്) 10/2008/ഗതാഗതം തീയതി 26-2-2008 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ടി ശുപാർശകളിൻമേൽ എടുത്ത നടപടിയും ആയതിന്റെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br>1) പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 2571 എണ്ണം ബസ്സുകൾ പുതുതായി നിരത്തിലിറക്കി. 2010-11 കാലയളവിലേക്കായി KTDFC-യിൽ നിന്ന് 65 കോടി രൂപ ആദ്യഘട്ടത്തിൽ വായ്പ യെടുത്തിട്ടുണ്ട്. ടി പദ്ധതി പൂർത്തി യാക്കുന്നതിനായി അവസാനഘട്ട ത്തിലേക്കായി 55 കോടി രൂപ വായ്പയെടുക്കാൻ |

| | | | | |
|---|---|---|---|---|
| | | | | ഉദ്ദേശിക്കുന്നുണ്ട്.<br><br>2) ഐ.ഒ.സി.യ്ക്കുള്ള കുടിശ്ശിക 133.29 കോടി രൂപയിൽ നിന്ന് 11 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>3) കോർപ്പറേഷന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതയായ 1,070.60 കോടി രൂപയിൽ 250.38 കോടി രൂപയുടെ സർക്കാർലോൺതുക ഇക്വിറ്റിയായി മാറ്റുകയും, ടി ലോണിന്റെ പലിശയും, പിഴപലിശയും, മോട്ടോർ വെഹിക്കിൾ ടാക്സും ഉൾപ്പടെ 820.22 കോടി രൂപ സർക്കാർ എഴുതി തള്ളുകയും ചെയ്തിട്ടുണ്ട്.<br><br>4) സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ട്മെന്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, കെ.എസ്.ആർ.ടി.സി. എന്നീ ഡിപ്പാർട്ട്മെന്റുകൾ സംയുക്തമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന ഏർപ്പെടുത്തിയതുമൂലം സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.<br><br>5) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി KSRTC യുടെ ബസ് ഡിപ്പോകളിൽ അത്യന്താധുനിക സജ്ജീകരണത്തോടു കൂടിയ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അങ്കമാലി, കാസർഗോഡ് എന്നിവിടങ്ങളിലെ നിർമ്മാണം അവസാന |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്.<br>കോഴിക്കോട്, കാട്ടാക്കട, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ നിർമ്മാണം പുരോഗതിയിലാണ്. കൊട്ടാരക്കര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉത്ഘാടനം കഴിഞ്ഞിട്ടുണ്ട്.<br><br>6) 2008 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലേക്കും, കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും KTDFC യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50% ൽ നിന്നും 65% ആയി ഉയർത്തേണ്ടതാണെന്ന ശുപാർശ നടപ്പിലാക്കി.<br><br>7) ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരിൽ നിന്ന് 500 രൂപ പിഴ ഈടാക്കി 31-12-2009 വരെ 12,64,500 രൂപ സർക്കാരിൽ ഒടുക്കിയിട്ടുണ്ട്.<br><br>8) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>9) KTDFC യ്ക്കുള്ള ലോൺ തിരിച്ചടവ് കുറയ്ക്കുന്നതിനായി ലോൺ റീ-ഷെഡ്യൂൾ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശം 2010 നവംബർ 1-ാം തീയതി മുതൽ നടപ്പാക്കിയിട്ടുണ്ട്.<br><br>10) പുതിയ ബസ്സുകൾ ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷന് ശേഷം |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളിലേയ്ക്ക് അനുവദിക്കുന്നതിനുള്ള പൂർണ്ണചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണ്. ഈ ബസ്സുകൾ അനുവദിക്കുമ്പോൾ അധിക വരുമാനം കോർപ്പറേഷന് ലഭ്യമാകത്തക്കവിധത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്ന ശുപാർശ നടപ്പിലാക്കി.<br><br>11) കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ കാരണം KMPL 2005-ൽ 3.84 കി.മീ. ആയിരുന്നത് ഇപ്പോൾ 4.25 കി.മീ. ആയി ഉയർത്താൻ കഴിഞ്ഞു.<br><br>**മെക്കാനിക്കൽ വിഭാഗം.**<br><br>KSRTC-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ആദ്യപടിയായി നിർജ്ജീവമായികിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഉപയോഗശൂന്യമായിക്കിടന്ന പണിയായുധങ്ങൾക്കും, യന്ത്രസാമഗ്രികൾക്കും പകരം പുതിയവ വാങ്ങി ബസ് ബോഡികൾ .കെ.എസ്.ആർ.ടി.സി. യുടെ വർക്ക്ഷോപ്പുകളിൽ തന്നെ നിർമ്മിച്ചിറക്കുവാൻ തക്കവിധം സജ്ജമാക്കി. അപ്രകാരം KSRTC-യുടെ അഞ്ച് വർക്ക്ഷോപ്പുകളിലും ബസ് ബോഡി നിർമ്മാണം നടന്നുവരുന്നു. എ.സി. ബസ്സുകൾ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളുടെയും ബോഡികൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെയാണ് നിർമ്മിച്ചുവരുന്നത്. ഇതുവരെ 2,548 ബസ്സുകൾ പണിതിറക്കി |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. 2005 കാലയളവിൽ പുറമെ നൽകി പണികഴിപ്പിച്ച ബസ് ഒന്നിന് ശരാശരി 5,29,000/ രൂപ ചിലവായപ്പോൾ സൂപ്പർഫാസ്റ്റിന് 4,44,495/ രൂപയും, ഫാസ്റ്റിന് 4,36,489/ രൂപയും, ഓർഡിനറിക്ക് 4,34,903/ രൂപയും മാത്രമാണ് ചിലവ് വന്നിട്ടുള്ളത്. ഇത് കോർപ്പറേഷന് ലാഭകരമാണെന്നതിനു പുറമെ ടി ബസ്സുകൾ ഈടുറ്റതായതിനാൽ ആയുർദൈർഘ്യവും കൂടുതലാണ്.<br><br>KSRTC-വർക്ക്ഷോപ്പുകൾക്ക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെഫലമായി സെൻട്രൽ വർക്സിന് <u>**ബി ക്ലാസ്സ്**</u> പദവിയിലുള്ള അക്രെഡിറ്റേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എടപ്പാൾ വർക്ക്ഷോപ്പിൽ ഫോസ്ഫേറ്റ് പ്ലാന്റ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ബോഡി ബിൽഡിംഗിന് ആവശ്യമായ ജീവനക്കാരെ പി.എസ്.സി. മുഖേനയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എംപാനൽ വ്യവസ്ഥയിലും നിയമിക്കുകയും ടി മേഖലയിൽ പരിശീലനം നൽകുകയും ചെയ്തു.<br><br>ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഡ്രൈവർമാർക്കും, മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും തക്കപരിശീലനം നൽകിവരികയും ചെയ്യുന്നു. തൽഫലമായി 3.94 ആയിരുന്ന കെ.എം.പി.എൽ. 4.25 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. |

അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവിലുള്ള അധികചിലവ് കണക്കിലെടുത്ത് ഒരുപകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും, ഡീസലിനു പകരം സി.എൻ.ജി. ഉപയോഗിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുവാൻ ഗെയിൽ-ന് നിർദ്ദേശം നൽകുകയും തുടർ നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തുവരുന്നു.

**സർവ്വീസുകളെ സംബന്ധിച്ച്.**

കെ.എസ്.ആർ.ടി.സി. തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. പ്രതിവർഷം 1,000 ബസ്സുകൾ പുറത്തിറക്കി, കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചു കൊണ്ട് വരുവാനുള്ള ദീർഘ വീക്ഷണത്തോടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2006 ജൂൺ മാസം പ്രതിദിനം 11.57 ലക്ഷം കി.മീറ്ററാണ് സർവ്വീസ് നടത്തിയിരുന്നത്. ഇപ്പോൾ പ്രതിദിനം 15 ലക്ഷത്തോളം കി.മീറ്ററായി വർദ്ധിച്ചു. 2006 ജൂണിൽ 2.27 കോടി രൂപയാണ് പ്രതിദിന വരുമാനം ലഭിച്ചിരുന്നത്. 2010 നവംബർ മാസത്തിൽ പ്രതിദിനം 3.54 കോടി രൂപയായി വർദ്ധിച്ചു. കർണ്ണാടക, തമിഴ്നാട് അന്തർ, സംസ്ഥാന സർവ്വീസുകളും, ജനപ്രിയ മലബാർ സർവ്വീസുകളും ഉൾപ്പടെ 1,188 സർവ്വീസുകൾ അധികമായി ഓടിച്ചും നില വിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും തിരുവനന്തപുരം സിറ്റിയിൽ സമാന്തര സർവ്വീസുകളെ നിയന്ത്രിച്ചുമാണ് ഈ നേട്ടം കൈവരിക്കാൻ ആയത്.

സുരക്ഷിതവും, സുഖകരവും,

| | | | |
|---|---|---|---|
| | | | വിശ്വസനീയവുമായ യാത്ര മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തന മാണ് ഇപ്പോൾ കോർപ്പറേഷൻ നടപ്പാക്കികൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും സേവനം വിപുലീകരി ക്കാനും തിരുവനന്തപുരം നഗരത്തിലെ യാത്രാസൗകര്യം വർദ്ധിപ്പി ക്കാനുമായി 80 പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ 2009 ജനുവരി 31-ാം തീയതി ആരംഭിച്ചു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസ്സുകൾ ആരംഭിച്ചു.<br><br>എറണാകുളം നഗരത്തിൽ കെ.എസ്.ആർ.ടി.സി. യുടെ സിറ്റി സർവ്വീസുകൾ ആരംഭിക്കണമെന്ന പൊതുജനങ്ങളുടെ വർഷങ്ങളായുള്ള അഭ്യർത്ഥനമാനിച്ച്, എറണാകുളം നഗരത്തിൽ 2010 ജൂൺ 16-ാം തീയതി മുതൽ 50 സിറ്റി സർവ്വീസുകൾ തിരുകൊച്ചി എന്നപേരിൽ ആരംഭിച്ചു. യാത്രക്കാരുടെ ഭാഗത്തുനിന്നും ഈ സർവ്വീസ് വിജയപ്രദമാക്കുന്നതിന് കാര്യമായ സഹകരണം ലഭിക്കുന്നുണ്ട്. ജവഹർലാൽ നെഹ്റു നഗര വികസന നവീകരണ പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് 28 എ.സി. ബസും, 23 നോൺ എ.സി. ബസ്സും, തിരുവനന്തപുരത്ത് 18 എ.സി. ബസും, 28 നോൺ എ.സി. ബസ്സും സർവ്വീസ് നടത്തുന്നുണ്ട്. ഈ പദ്ധതി പൂർണ്ണമാകുന്നതോടുകൂടി എറണാകുളം, തിരുവനന്തപുരം നഗരങ്ങൾ പൂർണ്ണമായും യാത്രാക്ലേശ വിമുക്ത നഗരങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കൺസഷൻ ടിക്കറ്റ് ദുരുപയോഗം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിലേക്കായി കൺസഷൻ ടിക്കറ്റുകളിൽ ഫോട്ടോ പതിക്കുന്ന രീതി ഏർപ്പെടുത്തി. ആയതിലൂടെ കൺസഷൻ ടിക്കറ്റ് വിദ്യാർത്ഥികൾ തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു. മാത്രമല്ല വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡിനുവേണ്ടി അവർതന്നെ കെ.എസ്.ആർ.ടി.സി. ഓഫീസിൽ വരേണ്ട ആവശ്യം ഇല്ലാതായി.<br><br>അതാത് പ്രദേശത്തെ എം.എൽ.എ. മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമ മായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. പുതുതായി വന്ന എല്ലാ ഡ്രൈവർമാർക്കും ട്രെയിനിംഗ് നൽകി. എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ ട്രെയിനിംഗ് നൽകി. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകി കഴിഞ്ഞു. ദീർഘദൂര സർവ്വീസിനും, അന്തർ സംസ്ഥാന ബസ് സർവ്വീസിനുമായി 20 എ.സി. എയർ ബസ്, 30 സൂപ്പർ ഡീലക്സ്, 3വോൾവോ എന്നിവ നിരത്തിലിറക്കി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക്ഷോപ്പുകളും പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് ബസ് ബോഡി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 2,[illegible] ബസ്സുകൾ പുതുതായി നിരത്തിലിറക്കി. സ്ഥിരം യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | ആദ്യഘട്ടമെന്ന നിലയിൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് ഏർപ്പെടുത്തി കഴിഞ്ഞു. 1-2-2010 മുതൽ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് പുതിയ ഇൻസെന്റീവ് സ്കീം കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നൽകിത്തുടങ്ങി.<br><br>സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾ ക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസ്സുകൾക്ക് ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസ്സുകൾ ആരംഭിച്ചു.<br><br>കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതി ന്റെ ഭാഗമായി മെയിന്റനൻസ് കാര്യക്ഷമമാക്കി. ഡ്രൈവർമാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. 2005 -ൽ കെ.എം.പി.എൽ.3.84 ആയിരുന്നത് ഇപ്പോൾ 4.27 ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>അധിക വേഗതമൂലമുള്ള അപകടം ഒഴിവാക്കുന്നതിനായി ബസ്സുകളിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുകയും, എല്ലാ ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഇതുമൂലം അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനും അപകടം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്ന തിനും സാധിച്ചിട്ടുണ്ട്. 2005-ൽ 1ലക്ഷം കി.മീ. ഓടുമ്പോൾ 0.36 അപകടങ്ങളാണ് ഉണ്ടായിരുന്നത്. |

| | | | |
|---|---|---|---|
| | | | അപകടങ്ങൾ ശരിയായി അപഗ്രഥിച്ച് നടപടിയെടുത്ത് അപകട നിരക്ക് ദേശീയ ശരാശരിയേക്കാൾ കുറച്ച് 0.18 എന്ന നിലയിൽ എത്തിക്കാൻ കഴിഞ്ഞു. തമിഴ്നാട്ടിൽ ഇത് 0.26 ആണ്. കേരളത്തിൽ അപകട നിരക്ക് അഖിലേന്ത്യാ നിലവാരത്തിന്റെ മൂന്നിരട്ടിയോളം ഉള്ള സമയത്താണ് കെ.എസ്.ആർ.ടി.സി. യുടെ അപകട നിരക്ക് അഖിലേന്ത്യാ ശരാശരിയിലും താഴെ എത്തിക്കാൻ കഴിഞ്ഞത്. അപകടം പറ്റിയ യാത്രക്കാർക്ക് ആനുകൂല്യം താമസംവിനാ ലഭ്യമാക്കാൻ ബസ്സുകൾ ഇൻഷ്വർ ചെയ്തു. പുതിയ ബസ്സുകളും ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ ഉയർന്ന ക്ലാസ് ബസ്സുകളും ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരിൽ നിന്നും മോട്ടോർ വെഹിക്കിൾ ആക്ട് അനുസരിച്ച് 500 രൂപ ഫൈൻ ഈടാക്കികൊണ്ടിരിക്കുകയാണ്. ഇതുവഴി ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞു.<br><br>പ്രതിദിനം 34 മുതൽ 36 ലക്ഷത്തോളം യാത്രക്കാർക്ക് സുരക്ഷിതമായി ഗതാഗത സൗകര്യം നൽകുന്നു. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാൻ ദീർഘ വീക്ഷണത്തോടുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിയ്ക്കുന്നത്. 2005-ൽ കേവലം 13% സംഭാവന മാത്രമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.യുടെ പങ്ക് ഇപ്പോൾ റോഡ് ഗതാഗത രംഗത്ത് 27% ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>സിവിൽ വിഭാഗം.<br>യാത്രക്കാരുടെയും, ജീവനക്കാരുടെയും സൗകര്യങ്ങൾ മെച്ചപ്പെടു |

| | | | |
|---|---|---|---|
| | | | ത്തുന്നതിനുവേണ്ടി കേരളത്തിന്റെ അങ്ങോളമിങ്ങോളമുളള ബസ് സ്റ്റേഷനുകളിൽ ടോയ്‌ലെറ്റ്, യാർഡ്, ഓഫീസ് എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സിവിൽ ജോലികൾ നടക്കുന്നുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി. അടിസ്ഥാനത്തിലും, കെ.എസ്.ആർ.ടി.സി. നേരിട്ടും കോംപ്ലക്സുകൾ നിർമ്മിക്കുന്നുണ്ട്.<br><br>മേൽസൂചിപ്പിച്ച കാര്യങ്ങൾ വഴി കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ വന്നശേഷം പുതുതായി എത്ര ബസ്സുകൾ നിരത്തിലിറക്കി എന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതുതായി 2,571 ബസ്സുകൾ നിരത്തിലിറക്കി. |
| (സി) | ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | സർവ്വീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരു. സിറ്റിയിൽ ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. നോട്ടിഫൈഡ് റൂട്ടുകളിലേക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. ദീർഘദൂര സർവ്വീസ്സുകൾക്കായി 30 സൂപ്പർ ഡീലക്സ്,<br><br>20 എ.സി. എയർ ബസ്, 3 വോൾവോ എന്നിവ നിരത്തിലിറക്കി. ആകർഷണീയവും, സുഖകരവുമായ ഇരിപ്പിടങ്ങൾ ഈ ബസ്സുകളിൽ യാത്രക്കാർക്കായി ഒരുക്കിയിട്ടുണ്ട്. ദീർഘദൂരയാത്രയ്ക്ക് ഉപയോഗിച്ചിരുന്ന പഴയ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ സർവ്വീസിന് നൽകി. |

| | | | |
|---|---|---|---|
| | | | സർവ്വീസിന് നൽകുന്ന എല്ലാ ബസ്സുകളും ഭംഗിയായി കഴുകി വൃത്തിയാക്കിയതിനുശേഷം മാത്രമേ നൽകാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ വ്യപകമാക്കാൻ തീരുമാനിച്ചു. വർഷങ്ങളായി യാത്രക്കാരുടെ നിരന്തര ആവശ്യമായിരുന്ന ഫെയർ സ്റ്റേജുകളിലു ള്ള അപാകത പരിഹരിക്കുന്നതി ലേക്കായി പുതിയ ഫെയർ സ്റ്റേജുകളും, ഐഡന്റിക്കൽ ഫെയർ സ്റ്റേജുകളും അനുവദിക്കുകയും ചിലത് പുനർ നിർണ്ണയിക്കുകയു മുണ്ടായി. |
| (ഡി) | പ്രധാന ബസ്സ് സ്റ്റേഷനുകളിൽ ആധുനിക സജ്ജീരണങ്ങളോടുകൂടിയ ബസ്സ് സ്റ്റേഷൻ - കം - ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തികനില വ്യക്തമാക്കുമോ? | (ഡി) | ഒന്നാം ഘട്ടമായി മുപ്പത് ബസ് സ്റ്റേഷനുകളിലും (അനുബന്ധമായി പട്ടിക ചേർക്കുന്നു) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി. മുഖാന്തിരം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ അന്തിമ ഘട്ടത്തിലാണ്, ഉത്ഘാടനം ജനുവരിയിൽ നടക്കും. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം എന്നിവിടങ്ങളിൽ പണികൾ പുരോഗതിയിലാണ്. നെടുമങ്ങാട് ഷോപ്പിംഗ് കോംപ്ലക്സിന്റെ രൂപരേഖ അംഗീകരിച്ച് തുടർനടപടികൾ പുരോഗമിക്കുന്നു.<br><br>കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ് എന്നിവിടങ്ങളിൽ കൊട്ടാരക്കരയിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കാട്ടാക്കടയും, കാസർഗോഡും നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു, ഇതിൽ കാസർഗോഡിന്റെ ഉത്ഘാടനം ജനുവരി ആദ്യവാരം പ്രതീക്ഷിക്കുന്നു.<br><br>2008–09 സാമ്പത്തിക വർഷം വരെയുള്ള |

| | | | |
|---|---|---|---|
| | | | കണക്ക് പൂർത്തീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി. യുടെ ആസ്തി, ബാദ്ധ്യത ചുവടെ ചേർക്കുന്നു. |

➢ ബാദ്ധ്യത — തുക കോടിയിൽ

| | |
|---|---|
| മൂലധനം | 431.03 |
| ഗവൺമെന്റ് ലോൺ | 85.50 |
| കെ.ടി.ഡി.എഫ്.സി " | 375.93 |
| HUDCO " | 104.88 |
| എൽ.ഐ.സി " | 75.00 |
| കെ.എസ്.ടി. ടി.133 " | 1.81 |
| ബോണ്ട് | 8.35 |
| സർക്കാരിനുള്ള ബാദ്ധ്യത | 51.14 |
| പ്രാവിഡന്റ് ഫണ്ട്, പെൻഷൻ ആനുകൂല്യങ്ങൾ | 386.46 |
| ഓയിൽ കമ്പനികൾ | 88.76 |
| എം.എ.സി.ടി | 23.00 |
| മറ്റ് ബാദ്ധ്യതകൾ | 210.50 |
| ആകെ | **1,842.36** |

➢ ആസ്തി

| | |
|---|---|
| ഫിക്സഡ് അസറ്റ് (തേയ്മാന ചെലവ് കഴിച്ച്) | 233.95 |
| സ്റ്റോർസ് | 20.76 |
| ക്യാഷ്, ബാങ്ക് ബാലൻസ് | 55.37 |
| ട്രഷറി ബാലൻസ് | 15.95 |
| മറ്റ് ആസ്തികൾ | 33.02 |
| സഞ്ചിത നഷ്ടം | **1,483.31** |
| ആകെ | **1,842.36** |

2008-09 സാമ്പത്തിക വർഷത്തിലെ നഷ്ടം **117.12** കോടി രൂപയാണ്.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -69 23.12.2010 ൽ മറുപടിക്ക്**

**പ്രദേശിക സ്വയം ഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന റോഡുകളുടെ ശോച്യാവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ ചന്ദ്രൻ:<br>" എൻ. അനിരുദ്ധൻ:<br>" ബാബു പോൾ:<br>" മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. എം. വിജയകുമാർ<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന എത്ര കിലോമീറ്റർ റോഡ് മരാമത്ത് വകുപ്പിന് വിട്ടുതന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിട്ടുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിന് വിട്ടുതന്നിട്ടില്ല. എന്നാൽ പൊതു മരാമത്ത് വകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതും പിന്നീട് ആരുടേയും ചുമതലയിൽ വരാത്തതുമായ 7385 കി.മീറ്റർ റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി എം.ഡി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) ആ റോഡുകളുടെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) ഏറ്റെടുത്ത റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും മുമ്പ് പൊതു മരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി വന്നിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ 'One time maintenance' -ൽ പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. |

Ajaya Kuber

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

*

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 70 — 23.12.2010-ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (എ) ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>• സ്ഥാപനത്തിന്റെ ഘടനാപരമായ ക്രമീകരണത്തിനുള്ള പരിപാടികൾ<br>• നയങ്ങളിലും നടപടിക്രമങ്ങളിലും മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങൾ<br>• സാമ്പത്തിക സുസ്ഥിരത<br>• കാര്യക്ഷമമായ പദ്ധതി നിർവ്വഹണം - ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം, ആസ്തി സംരക്ഷണം, 24 x 7 മണിക്കൂറും കുടിവെള്ള വിതരണം.<br>• പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങൾ സുതാര്യമായി വെളിപ്പെടുത്തുന്നതിനുള്ള നടപടി<br>• ഉപഭോക്തൃ സൗഹൃദ സമീപനം.<br>• ജലവിതരണ/സ്വീവേജ് കവറേജ് പദ്ധതി<br>• ഇ-ഗവേണൻസ് |
| (ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും പ്രതിനി- | (ബി) പുന:സംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി അതോറിറ്റി മാനേ- |

ധികളടങ്ങുന്ന സംയുക്ത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

ജ്മെന്റും ട്രേഡ് യൂണിയൻ പ്രതിനിധികളും കൂട്ടായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പത്തു ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃക്രമീകരിച്ചു ബ്ളൂ ബ്രിഗേഡ് , എല്ലാ സബ്ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ, പൗരാവകാശരേഖ, ഇ-ടെൻഡറിംഗ് എന്നീ നിർദ്ദേശങ്ങൾ നടപ്പാക്കി വരുന്നു. കൂടാതെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ളൂർ , കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനസംഘടന സംബന്ധിച്ച കൂടുതൽ പഠനങ്ങൾ നടന്നു വരുന്നു.

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകരമായിട്ടുണ്ടോ;

(സി) ഉണ്ട്.
അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃക്രമീകരിച്ചു. ബ്ളൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പാക്കി വരുന്നു. എല്ലാ സബ്ഡിവിഷൻ ഓഫീസുകളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നടന്നു വരുന്ന പുനസംഘടന സംബന്ധിച്ച പഠനം പൂർത്തിയാകുന്നതോടു കൂടി അതോറിറ്റിയെ ശക്തിപ്പെടുത്തുവാനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനും മറ്റെന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ഡിവിഷനെന്നും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 13

പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ പൂർത്തിയാക്കി വരുന്നു. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനു വേണ്ടി ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ ടെണ്ടറിംഗിലെ കാലതാമസം ഒഴിവാക്കുന്നതിനും ടെണ്ടർ നടപടികൾ ലഘൂകരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പുനഃസംഘടന സംബന്ധിച്ച കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 71* | 23.12.2010 ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിട്ടറിംഗ് സമിതികൾ

**ചോദ്യം**

ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ.വി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :

**ഉത്തരം**

എം. വിജയകുമാർ
(നിയമവും മരാമത്തും
പാർലമെന്ററികാര്യവും
സ്പോർട്സും വകുപ്പു മന്ത്രി)

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിറ്ററിംഗ് സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രവർത്തികളുടെ നടത്തിപ്പിൽ സമിതിക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകുന്നത് ;

(എ) & (ബി)

പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ അവലോകനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ സമിതി ഇതിനകം രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സമിതി രണ്ടാഴ്ചയ്ക്കൊരിക്കൽ അവലോകനം നടത്തണമെന്നും പി.ഡബ്ല്യു.ഡി. ജില്ലാതല ഉദ്യോഗസ്ഥർ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനും പി.ഡബ്ല്യു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായി ജില്ലാതല കമ്മിറ്റി മാസംതോറും യോഗം ചേർന്ന് പ്രവൃത്തികൾ നിരീക്ഷിക്കുന്നതാണ്. മരാമത്ത് മന്ത്രിതലത്തിൽ മാസം തോറും അവലോകനവും നടത്തുന്നതാണ്. മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തിര അറ്റകുറ്റപ്പണികൾ നിരീക്ഷിക്കാനായി മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും ഉണ്ട്.

—— —— --

(സി) പൊതുമരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ;

(സി) ഇപ്പോൾ തന്നെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ട്.

(ഡി) കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെയുള്ള പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

(ഡി) ഓരോ പ്രവൃത്തിയുടെയും കാര്യത്തിൽ കാരണങ്ങൾ വിശകലനം ചെയ്തും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ചും കരാർ വ്യവസ്ഥകൾക്ക് അനുസൃതമായും ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് പുനഃക്രമീകരണം നടത്തിയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.72 23.12.2010 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി

**ചോദ്യം**

ശ്രീ. എസ്.രാജേന്ദ്രൻ
ശ്രീ. പി. ജയരാജൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.കെ. ജയചന്ദ്രൻ

**ഉത്തരം**

ശ്രീ.എൻ. കെ.പ്രേമചന്ദ്രൻ
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ കേരളത്തിന്റെ വാദങ്ങൾക്ക് ആധാരമായ തെളിവുകൾ ഹാജരാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഡാമിന്റെ ബലക്ഷയം സംബന്ധിച്ച ഏതെല്ലാം പഠന റിപ്പോർട്ടുകളും രേഖകളുമാണ് കേരളം സമർപ്പിച്ചുള്ളത്. | (ബി) നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് ഡൽഹി, ഐ.ഐ.റ്റി നടത്തിയിട്ടുള്ള പഠനറിപ്പോർട്ടും റൂർക്കി , ഐ.ഐ.റ്റി നടത്തിയ സെസ്മിക് Stability Analysis of Mullaperiyar Dam -Part I, Seismic Hazard Analysis ഉം സുപ്രീംകോടതി |



| | |
|---|---|
| ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | |

| | |
|---|---|
| | മുമ്പാകെ കേരളം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ രണ്ടാം ഭാഗം ഫയലിൽ സ്വീകരിക്കുന്നതിന് കേരളം ബഹു.എംപവേർഡ് കമ്മിറ്റി മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>2000 ലെ എക്സ്പർട്ട് കമ്മിറ്റി, ഡാം സുരക്ഷിതമാണെന്ന് വിലയിരുത്തുവാൻ അവലംബിച്ചിട്ടുള്ള assumption ൽ പലതും ശരിയായിട്ടുള്ളവയായിരുന്നില്ല എന്ന് കേരളം ചൂണ്ടികാണിച്ചിട്ടുണ്ട്. ഡാമിൽ നിന്നും ലീച്ച് ചെയ്യുന്ന ലൈമിന്റെ അളവിനെ സംബന്ധിച്ചും, ഡാം നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ പഴക്കംമൂലം ഉണ്ടായിട്ടുള്ള ബലക്ഷയത്തെ സംബന്ധിച്ചുള്ള രേഖകളും കേരളം സമർപ്പിച്ചിട്ടുണ്ട്. അമേരിക്ക, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളിൽ മുൻപ് സംഭവിച്ചിട്ടുള്ള ഡാം ഫെയിലിവർ സംബന്ധിച്ചുള്ള exhibits ഉം കേരളം കമ്മിറ്റിക്കു മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഉന്നതാധികാര സമിതിയുടെ സന്ദർശനത്തിന് മുമ്പ് ഡാമിന്റെ കോടുപാടുകൾ വ്യക്തമാകാത്തതരത്തിൽ അറ്റകുറ്റപ്പണികളും പെയിന്റിംഗും നടത്തിയ തമിഴ്നാടിന്റെ നടപടി ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ? | (ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത വിവരങ്ങൾ കൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.73 — 23.12.2010 -ൽ മറുപടിക്ക്

## കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എം. മുരളി<br>ശ്രീ. അടൂർപ്രകാശ് | | ശ്രീ. എം. വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റോഡുവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ.എസ്. ടി.പി. പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ സാങ്കേതിക തടസ്സങ്ങളാണുള്ളത് എന്നറിയിക്കുമോ; | (എ) | കെ.എസ്. ടി.പി. രണ്ടാംഘട്ടം ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല |
| (ബി) | രണ്ടാംഘട്ട പദ്ധതിയിൽ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (ബി) | രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തീരുമാനിച്ചുകഴിഞ്ഞു. പ്രസ്തുത റോഡുകളുടെ സർവ്വേയും എഞ്ചിനീയറിംഗ് ഡിസൈനും പൂർത്തീകരിച്ചു. പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു. |
| (സി) | പുതുക്കിയ പദ്ധതിയനുസരിച്ച് രണ്ടാംഘട്ടം എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ; | (സി) & (ഡി) | പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | സമയബന്ധിതമായി രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഇതിന്റെ അടങ്കൽ തുകയിൽ എത്ര വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** 23.12.2010 ൽ മറുപടിയ്ക്ക്
ചോദ്യം നമ്പർ: 74

### വ്യാജ ആയുർ വ്വേദമരുന്നുകളുടെ നിയന്ത്രണം

**ചോദ്യം**

ശ്രീ എം.വി.ശ്രേയാംസ് കുമാർ
ശ്രീ.കെ.പി.മോഹനൻ
ശ്രീ.എം.കെ.പ്രേംനാഥ്

(എ)സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വ്യാജ ആയുർ വ്വേദമരുന്നുകളു ടെയും ഇവയുടെ പരസ്യങ്ങളുടെയുംനിയന്ത്രണത്തിന് നട പടി സ്വീക രിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളർ മരുന്നുകളുടെ പരസ്യ നിയന്ത്രണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മരുന്നുകളുടെ പരസ്യങ്ങ ളാണ് നിയന്ത്രിച്ചതെന്ന് വിശദീകരി ക്കുമോ?

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

(എ) വ്യാജ മരുന്നുകളുടെ വിപണനം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. എന്നാൽ ലൈസൻസുള്ള ആയുർ വ്വേദ മരുന്നുക ൾ വൻപരസ്യങ്ങൾ നൽകി ഇല്ലാത്ത രോഗ പരിഹാരമുണ്ടാക്കുമെന്ന അവകാശവാദത്തോടെ പരസ്യം ചെയ്യുന്നുണ്ട്. ഇത്തരം പരസ്യങ്ങൾക്കെതിരെ 1954 ലെ ഡ്രഗ്സ്&മാജിക്റെമഡീസ്(ഒബ്ജക്ഷണബിൾ അഡ്വൈർ ടൈസ് മെന്റ്) ആക്ട് പ്രകാരം ആയുർവേദ ഡ്രഗ്സ് കൺ ട്രോളർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിയമനിഷേധമായി പരസ്യംചെയ്തു ച്ചവരുടെ പേർത്തിരി ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1954 ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വൈർടൈസ് മെന്റ്)ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്

1. മൂവാറ്റുപുഴയിൽപ്രവർത്തിക്കുന്ന കന്നത്ത് ഫാർമസ്യൂട്ടിക്കൽ സിന്റെ ' മുസലി പവർ എക്സ്ട്രാ 'എന്ന ഉൽപ്പന്നം
2. പാലക്കാട് പ്രവർത്തിക്കുന്ന ഹെർബോ കെയർ എന്ന സ്ഥാപനം നിർമ്മിക്കുന്ന ഉത്തരായനി എന്ന ഉൽപ്പന്നം
3. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അവർഡൈന ഹെർ ബൽസിന്റെ ഡിബറ്റിക് പൗഡർ എന്ന ഉൽപ്പന്നം
4. മാവേലിക്കരയിൽ പ്രവർത്തിക്കുന്ന ശ്രീഗുരു ഫാർമസ്യൂട്ടിക്ക ൽസ് എന്ന സ്ഥാപനം നിർമ്മിക്കുന്ന സുകൃതം ഹെർബൽ ഓയിൽ എന്ന ഉൽപ്പന്നം
5. കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന എം.വി.എം. ആയുർവേ ദിക് റിസർച്ച് ലാബ് നിർമ്മിക്കുന്ന കൃഷ്ണതുളസി കഫ് സിറപ്പ് എന്ന ഉൽപ്പന്നം
6. തൃശ്ശൂർ മാളയിൽ പ്രവർത്തിച്ചുവരുന്ന പാണ്ഡവ ഹെർബൽ റെമ ഡീസ് എന്ന സ്ഥാപനം നിർമ്മിച്ചുവരുന്ന മദനശക്തി ഓയിൽ എന്ന ഉൽപ്പന്നം
7. കേലിംഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം വിൽപ്പന നടത്തി വരുന്ന കേ വിഗോ എന്ന ഉൽപ്പന്നം

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ :75 — 23.12.2010 - ൽ മറുപടിക്ക്

**മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കാര്യക്ഷമമാക്കൽ**

**ചോദ്യം**

ശ്രീ. പി.ടി.എ. റഹിം
ശ്രീ. മുരളി പെരുനെല്ലി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ആർ. സെൽവരാജ്

**മറുപടി**

ശ്രീ. ജോസ് തെറ്റയിൽ,
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഫാസ്റ്റ് പ്രോജക്ട് (കമ്പ്യൂട്ടർവൽക്കരണം), ഓൺലൈൻ അപേക്ഷ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം, എസ്.എം.എസ്.സംവിധാനം, സ്പീഡ് പോസ്റ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വകുപ്പിൽ നടപ്പാക്കിയ ഇ-ഗവേണൻസ് സംവിധാനങ്ങൾ മൂലം വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാനും, പൊതുജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ നൽകുന്നതിനുമായി താഴെ പറയുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്.<br>1. ഫാസ്റ്റ് പദ്ധതി (കമ്പ്യൂട്ടർവൽക്കരണം)<br>2. ഫാസ്റ്റ് ട്രാക്ക് സംവിധാനം<br>3. ഓൺലൈൻ അപേക്ഷ<br>4. എസ്.എം.എസ്.സംവിധാനം<br>5. സ്പീഡ് പോസ്റ്റ് സംവിധാനം<br>6. ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>7. ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർ വൽക്കൃത വാഹന പരിശോധനാകേന്ദ്രങ്ങൾ, ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ തീരുന്ന മുറയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്. |
| (ഡി) | മോട്ടോർ വാഹന വകുപ്പിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. നിലവിൽ 55 ലക്ഷത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും, 60 ലക്ഷത്തോളം ഡ്രൈവിംഗ് ലൈസൻസുകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും മറ്റ് അനുബന്ധ ഫയലുകളും ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 76 — 23.12.2010 - ൽ മറുപടിക്ക്

വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | | ശ്രീ. ജോസ് തെറ്റയിൽ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹനപരിശോധന നടത്തുന്നുണ്ട് ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും, മൊബൈൽ എൻഫോഴ്സമെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇന്റർസെപ്റ്റർ വാഹനമുപയോഗിച്ച് നാല് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ മേൽനോട്ടത്തിൽ ഫ്ളയിംഗ് സ്ക്വാഡ് ചെക്കിംഗ് നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയും നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. അവ താഴെ പറയുന്നവയാണ്.<br>1) അപകട സാധ്യതാ മേഖല (Accident Prone Area) യും അതീവ അപകട സാധ്യതാ മേഖലയും(Black Spots):<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ |

| | | |
|---|---|---|
| | | വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും (Accident Prone Area), 217 അതീവ അപകട സാധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br><u>2) മാതൃകാ റോഡ് പദ്ധതി:</u><br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും, ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ച് വരുന്നു. ഇക്കാര്യം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.<br><br><u>3) റോഡു സുരക്ഷാ ബോധവൽക്കരണം:</u><br>റോഡു സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം |

| | | |
|---|---|---|
| | | സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡു സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരംരൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>4.റോഡു സുരക്ഷാ ക്ലബ്</u><br>റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും, കേരളത്തിലെ സ്കൂൾ/ കോളേജുകളിൽ റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും, കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>5. റോഡു സുരക്ഷാ പ്രോജക്ടും ഗവേഷണവും:</u><br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ - മധുര, അമ്പലപ്പുഴ- തിരുവല്ല, അർത്തുങ്കൽ- ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. |

| | | |
|---|---|---|
| | | 6.ട്രോമാകെയർ:<br>ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡു സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും, കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരള റോഡു സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.<br><br>7.പരസ്യ ബോർഡുകൾ:<br>അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.<br><br>8. അപകടാനന്തര അന്വേഷണം<br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പിയും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്.<br>വിവിധ ജില്ലകളിലെ അപകടനിരക്ക് കൂടിയ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുരുതരമായ ട്രാഫിക് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ലൈസൻസും എഫ്. ഐ.ആറിന്റെ പകർപ്പും അതാത് ആർ.ടി.ഒ. മാർക്ക് അയച്ചുകൊടുത്ത് ലൈസൻസ് റദ്ദുചെയ്യുക/ സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശം എല്ലാ പോലീസ് സൂപ്രണ്ട് / കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. ടിപ്പർ ലോറി മുഖേന ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർ മാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഓടിക്കുന്നതിന് അതത് ജില്ലാ കളക്ടറുമായി കൂടി ആലോചിച്ച് സമയക്രമീകരണവും നടത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | റോഡ് സൗകര്യങ്ങൾ മെച്ചപ്പെടാതെ വാഹനങ്ങളുടെ എണ്ണം ദിനംപ്രതി പെരുകുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പൊതു ഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും, നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 76 23.12.2010 - ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹനപരിശോധന നടത്തുന്നുണ്ട് ഇതിനായി 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും, മൊബൈൽ എൻഫോഴ്സമെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഇന്റർസെപ്റ്റർ വാഹനമുപയോഗിച്ച് നാല് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ മേൽനോട്ടത്തിൽ ഫ്ളയിംഗ് സ്ക്വാഡ് ചെക്കിംഗ് നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയും നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. അവ താഴെ പറയുന്നവയാണ്.<br>1) അപകട സാധ്യതാ മേഖല (Accident Prone Area) യും അതീവ അപകട സാധ്യതാ മേഖലയും(Black Spots):<br>റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ |

| | | |
|---|---|---|
| | | വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും (Accident Prone Area), 217 അതീവ അപകട സാധ്യതാ മേഖലകളും (Black Spots) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡു സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br><u>2) മാതൃകാ റോഡ് പദ്ധതി</u>:<br>സംസ്ഥാനത്തെ തിരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും, ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻ ബോർഡുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ പുരോഗമിച്ച് വരുന്നു. ഇക്കാര്യം പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് ചെയ്തു വരുന്നത്.<br><br><u>3) റോഡു സുരക്ഷാ ബോധവൽക്കരണം</u>:<br>റോഡു സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം |

സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡു സുരക്ഷയെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരംരൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4.റോഡു സുരക്ഷാ ക്ലബ്

റോഡു സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡു സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും, കേരളത്തിലെ സ്കൂൾ/ കോളേജുകളിൽ റോഡു സുരക്ഷാ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും, കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. റോഡു സുരക്ഷാ പ്രോജക്ടും ഗവേഷണവും:

ആലപ്പുഴ ജില്ലയിലെ ആലപ്പുഴ - മധുര, അമ്പലപ്പുഴ- തിരുവല്ല, അർത്തുങ്കൽ- ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു.

| | | |
|---|---|---|
| | | <u>6.ട്രോമാകെയർ:</u><br>ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡു സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ച് വരുന്നു. ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായും, കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് കേരള റോഡു സുരക്ഷാ അതോറിറ്റി അനുവദിച്ചിട്ടുണ്ട്.<br><br><u>7.പരസ്യ ബോർഡുകൾ:</u><br>അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തി.<br><br><u>8. അപകടാനന്തര അന്വേഷണം</u><br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പിയും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്.<br>വിവിധ ജില്ലകളിലെ അപകടനിരക്ക് കൂടിയ പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഗുരുതരമായ ട്രാഫിക് നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ലൈസൻസും എഫ്. ഐ.ആറിന്റെ പകർപ്പും അതാത് ആർ.ടി.ഒ. മാർക്ക് അയച്ചുകൊടുത്ത് ലൈസൻസ് റദ്ദുചെയ്യുക/ സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശം എല്ലാ പോലീസ് സൂപ്രണ്ട് / കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്. ടിപ്പർ ലോറി മുഖേന ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർ മാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഓടിക്കുന്നതിന് അതത് ജില്ലാ കളക്ടറുമായി കൂടി ആലോചിച്ച് സമയക്രമീകരണവും നടത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | റോഡ് സൗകര്യങ്ങൾ മെച്ചപ്പെടാതെ വാഹനങ്ങളുടെ എണ്ണം ദിനംപ്രതി പെരുകുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | പൊതു ഗതാഗത സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കേരള റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വാഹന പരിശോധന സംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും, നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 77 — 23.12.2010 ൽ മറുപടിക്ക്

### ജലനിധി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. എം.എ. വാഹീദ് | | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ | ജലനിധി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി ലോക ബാങ്കുമായി ചർച്ചകൾ നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ലോക ബാങ്ക് പ്രതിനിധി സംഘം സന്ദർശനങ്ങൾ നടത്തിക്കഴിഞ്ഞു. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായുള്ള പഠനങ്ങൾ /പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| ബി ഈ പദ്ധതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ; | ബി | പദ്ധതിയിൽ പ്രധാനമായും ചെറുകിട കുടിവെള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്. ആയതിനു പുറമേ ജലപരിപോഷണ പ്രവർത്തനങ്ങൾ, ശാക്തീകരണ പ്രവർത്തനങ്ങൾ, ശുചിത്വ പദ്ധതികൾ തുടങ്ങിയവയും ഉദ്ദേശിക്കുന്നുണ്ട്. |
| സി ഇതുവരെ എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട് ;<br>ഡി. ഈ വർഷം എത്ര പഞ്ചായത്തുകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | സി & ഡി. | നടപ്പു വർഷം ഏകദേശം 30 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുന്നതിന് 18.12.2010 ലെ G.O.(Rt) 1415/2010/WRD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പും ഗ്രാമപഞ്ചായത്തുകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്-

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78 23/12/2010-ൽ മറുപടിയ്ക്ക്

# മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതു സംബന്ധിച്ച പരാതികളിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം അന്വേഷിക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ വിജിലൻസ് പരിശോധന നടത്തിയിരിന്നുവോ ; വ്യക്തമാക്കുമോ ?

(എ) & (ബി) പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനോടനുബന്ധിച്ച് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നോൺ പ്രാക്ടീസിംഗ് അലവൻസ് നല്കിക്കൊണ്ട് സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയുണ്ടായി. ഇതേ തുടർന്ന് ഇത് നിരീക്ഷിക്കുന്നതിനു വേണ്ടി മെഡിക്കൽ കോളേജ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ചില ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതേക്കുറിച്ച് വിശദമായ അന്വേഷണത്തിന് സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

Shamh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 79 23.12.2010 -ലെ മറുപടി

**ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ലഭിച്ച ബസ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എം. ദിനേശ്മണി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ.ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര ബസ്സുകൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (എ) | JnNURM പദ്ധതിപ്രകാരം തിരുവനന്തപുരത്തിന് 120 നോൺ എ.സി.ബസ്സുകളും, 30 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്. എന്നാൽ കൊച്ചി സിറ്റിക്ക് 120 നോൺ എ.സി. ബസ്സുകളും, 50 എ.സി. ബസ്സുകളുമാണ് ലഭിക്കുന്നത്. |
| (ബി) | ഇതിനകം എത്ര ബസ്സുകൾ ലഭിച്ചിട്ടുണ്ട്; | (ബി) | തിരുവനന്തപുരത്തിന് 18 എ.സി. ബസ്സുകളും, 31 നോൺ എ.സി.ബസ്സുകളും, കൊച്ചിക്ക് 28 എ.സി. ബസ്സുകളും, 32 നോൺ എ.സി. ബസ്സുകളും ലഭിച്ചിട്ടുണ്ട്. ആകെ ലഭിച്ച ബസ്സുകളുടെ എണ്ണം - എ.സി.46, നോൺ എ.സി. 63. |
| (സി) | ലോ ഫ്ളോർ ബസ്സുകളുടെ ഷെഡ്യൂളുകൾ ലാഭകരമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | ടി ബസ്സുകൾ കടന്നു പോകുന്ന പ്രധാന ജംഗ്ഷനുകളിൽ സമയ വിവരപട്ടികപ്രദർശിപ്പിച്ചും, പത്രമാദ്ധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകിയും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബഹുജനങ്ങളുടെയും, സ്ഥിരം യാത്രക്കാരുടെയും, |

| | | | |
|---|---|---|---|
| | | | അഭിപ്രായങ്ങൾ കണക്കിലെടുത്ത് ചില റൂട്ടുകളിൽ മാറ്റം വരുത്തിയും യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനുമുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | നഗരാതിർത്തിക്കു പുറത്തേയ്ക്ക് സർവ്വീസുകൾ വ്യാപിപ്പിച്ചതിന്റെ ഫലമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ഡി) | നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഇ) | ലോ ഫ്ളോർ ബസ്സുകൾ കേരളത്തിലെ റോഡുകളിൽ സർവ്വീസ് നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് കേരളത്തിന് അനുവദിക്കുന്ന ബസ്സുകളുടെ രൂപകല്പനയിൽ മാറ്റം വരുത്തുന്നതിന് ആവശ്യപ്പെടുമോ? | (ഇ) | JnNURM പദ്ധതിപ്രകാരം കേന്ദ്ര നഗര വികസന മന്ത്രാലയം [MOUD]രൂപകൽപന ചെയ്തു തന്നിട്ടുളള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ബസ്സുകൾ വാങ്ങാൻ KSRTC ഉത്തരവ് നൽകിയിട്ടുളളത്. രാജ്യവ്യാപകമായി ഇത്തരത്തിൽ രൂപകൽപന ചെയ്ത ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പ്രസ്തുത ബസ്സുകളുടെ രൂപകൽപനയിൽ പ്രത്യേകമായി മാറ്റം വരുത്തുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 80* | 23.12.2010 ൽ മറുപടിക്ക്

## റോഡുകളിലെ കുഴികൾ അടയ്ക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എ.പി. അനിൽകുമാർ :<br>ശ്രീ. കെ. ശിവദാസൻ നായർ : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചത് ; | (എ) പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഉത്തരവായി. ഈ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. റോഡിലുണ്ടാകുന്ന കുഴികൾ അപ്പപ്പോൾ അടയ്ക്കുന്നതിന് എല്ലാ അസി. എഞ്ചിനീയർമാർക്കും 50000 രൂപയുടെ ഇംപ്രസ്റ്റ്മണി അനുവദിച്ചു. |
| (ബി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ;<br>(സി) ഇത്തരത്തിൽ കുഴിയടയ്ക്കൽ പദ്ധതി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയത് ;<br>(ഡി) അടച്ച കുഴികൾ വീണ്ടും ഇളകി വൻകുഴികളായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ?<br>(ഇ) ഈ പദ്ധതി നടപ്പിലാക്കിയതിൽ എന്തൊക്കെ വീഴ്ചകൾ സംഭവിച്ചതായാണ് വിലയിരുത്തിയിട്ടുള്ളത് ? | (ബി), (സി), (ഡി) & (ഇ)<br>ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81 | 23.12.2010-ൽ മറുപടിയ്ക്ക് |
|---|---|
| 'രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്' പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.എം. മുരളി<br>ശ്രീ.കെ. അച്ചുതൻ | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| എ) കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ്' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ പെൺകുട്ടികൾക്ക് മാത്രമായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) പ്രസ്തുത പദ്ധതി പ്രകാരം സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 4 ജില്ലകളിലെ (പാലക്കാട്, മലപ്പുറം, ഇടുക്കി,കൊല്ലം) കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രതിദിനം 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും മൈക്രോ ന്യൂട്രിയന്റ് ഉൾപ്പെടെ പോഷകാഹാരം വർഷത്തിൽ 300 ദിവസം നൽകുവാനും 11-15 വയസ്സുവരെ പ്രായമുള്ള സ്കൂൾ ഡ്രോപ്പ്ഔട്ടായ പെൺകുട്ടികൾക്ക് പാകം ചെയ്ത പോഷകാഹാരവും 15-18 വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് ടേക്ക് ഹോം റേഷൻ പ്രകാരം പാകം ചെയ്യാത്ത പോഷകാഹാരവും അംഗൻവാടികൾ മുഖേന നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ 6.12.2010-ലെ ജി.ഒ.(ആർ.റ്റി) 523/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും:<br>ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.<br>1. ഐസിഡിഎസ് പദ്ധതിയിൻ കീഴിലുള്ള സംവിധാനം വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.<br>2. ഐസിഡിഎസിലെയും ബന്ധപ്പെട്ട വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി സംസ്ഥാന/ജില്ലാ/പ്രോജക്ട് തലത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക.<br>3. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ബേസ് ലൈൻ സർവ്വേ നടത്തുക.<br>4. ഐ.ഇ.സി മെറ്റീരിയൽ വികസിപ്പിച്ച് പ്രസ്തുത പദ്ധതിയെക്കുറിച്ച് അവബോധം/പ്രചരണം നടത്തുക.<br>5. പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സഹകരണം ഉറപ്പാക്കുക.<br>6. പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള വിവിധ സേവനങ്ങൾക്കായി സിഡിപിഒ/ഡിപിഒ എന്നിവരുമായി ചർച്ച ചെയ്ത് എം.എൻ.ജി.ഒ/ എൻ.ജി.ഒ /സി.ബി.ഒ എന്നിവരെ തെരഞ്ഞെടുക്കുക.<br>7. ഓരോ ഘട്ടത്തിലുമുള്ള പ്രസ്തുത പദ്ധതിയുടെ ക്രമമായ നടത്തിപ്പ് ഓരോനിലയിലും യഥാസമയം വിലയിരുത്തുകയും, പദ്ധതിയുടെ പ്രയോജനം നിർണ്ണയിക്കുകയും ചെയ്യുക.<br>8. മോണിറ്ററിംഗ് കമ്മിറ്റികൾ എല്ലാ തലത്തിലും രുപീകരിക്കുക. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | |

| | |
|---|---|
| ഡി) സംസ്ഥാനത്തിലെ ഏതൊക്കെ സ്കൂളുകളിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കി കഴിഞ്ഞു എന്നറിയിക്കുമോ? | ഡി) 'സബല' പദ്ധതി സ്കൂളുകൾ മുഖേന നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ സാഹചര്യത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ സ്കൂളുകളിൽ പഠിക്കുന്ന കൗമാരപ്രായക്കാരായ പെൺകുട്ടികളെക്കൂടി ഭാഗമാക്കാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 82 — 23.12.2010 ൽ മറുപടിക്ക്

## സ്ക്കൂളുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. പള്ളിപ്രം ബാലൻ | | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ഗ്രാമീണ സ്ക്കൂളുകൾക്ക് കുടിവെള്ളം നല്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ | കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ സർക്കാർ സ്ക്കൂളുകൾ / അംഗൻവാടികൾ എന്നിവയ്ക്ക് കുടിവെള്ളം നല്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി | ഉണ്ടെങ്കിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ക്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | ബി | ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം കേരള വാട്ടർ അതോറിററിയും ജലനിധിയും മുഖേന സർക്കാർ /എയിഡഡ് ഉൾപ്പെടെ 956 ഗ്രാമീണ സ്ക്കൂളുകൾ / അംഗൻവാടികൾ എന്നിവയ്ക്കുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| സി | സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം നല്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി മുഴുവൻ സ്ക്കൂളുകളിലും കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ? | സി | ഇല്ല. നാളിതു വരെ 2017 ഗ്രാമീണ സർക്കാർ/എയിഡഡ് സ്ക്കൂളുകൾ / അംഗൻ വാടികൾ എന്നിവയ്ക്ക് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകൾക്കും കുടിവെള്ളം നൽകുന്നതു സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.83** | **23.12.2010 — ൽ മറുപടിക്ക്**

## ദേശീയപാത വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജ്

**ചോദ്യം**

**ശ്രീ.സി.കെ.സദാശിവൻ**
**ശ്രീ.എ.എം.ആരിഫ്**
**ശ്രീ.ആനത്തലവട്ടം ആനന്ദൻ**
**ശ്രീ.എം.എം. മോനായി**

**ഉത്തരം**

**ശ്രീ. എം.വിജയകുമാർ**
**(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഒഴിപ്പിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ച പാക്കേജിന്റെ വിശദാംശം നൽകുമോ;

(എ) ദേശീയപാതാ 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന വർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്ന വർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെതൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോമ്പ്ലക്സ് /വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വിലനിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industtrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയകച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും

| | | | |
|---|---|---|---|
| | | | പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസ ത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ട പ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചു മാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയ ങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | പാക്കേജ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ദേശീയപാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) & (ഡി) | കേന്ദ്രനിർദ്ദേശം സർവകക്ഷിയോഗത്തിൽ ചർച്ച ചെയ്ത് യുക്തമായ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | ദേശീയപാത വികസന പദ്ധതി വൈകാതെ നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.84 23.12.2010 ൽ മറുപടിയ്ക്ക്

## അണക്കെട്ട് നവീകരണപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ.എൻ. കെ.പ്രേമചന്ദ്രൻ<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ വിശദാംശം നൽകുമോ ; | (എ) കേരളത്തിലെ അണക്കെട്ടുകളെ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതിബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ പദ്ധതിയിലേയ്ക്കായി ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് കേന്ദ്ര |

| | |
|---|---|
| | അംഗീകരിക്കുകയും 280 കോടി രൂപ (58.33 മില്ല്യൻ യു.എസ്.ഡോളർ) ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി തുകയുടെ 80% ലോകബാങ്കിന്റെ വിഹിതം ലോണായും 20% സംസ്ഥാന സർക്കാരിന്റെ വിഹിതവുമായി ഉപയോഗിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതി 3 ഘട്ടങ്ങളിലായി ആറ് വർഷംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഏതെല്ലാം ഡാമുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ബി) ജലസേചനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ എന്നീ അണക്കെട്ടുകളും പഴശ്ശി, പമ്പ (മണിയാർ) ഭൂതത്താൻകെട്ട് എന്നീ ബാരേജുകളും മൂലത്തറ റഗുലേറ്ററും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട് , ഇടമലയാർ, കുറ്റ്യാടി , പന്നിയാർ, പള്ളിവാസൽ എന്നീ പദ്ധതികളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. |

| | |
|---|---|
| (സി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ; | (സി) 2011 ജനുവരിയോടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി)പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) ഈ പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കായി ജലസേചനവകുപ്പിന്റെ 4 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 5 പദ്ധതികളും രണ്ടാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 8 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 7 പദ്ധതികളും മൂന്നാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 7 അണക്കെട്ടുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാംഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നെയ്യാർ, പീച്ചി, മലമ്പുഴ, വാളയാർ, എന്നീ അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ശബരിഗിരി, ഷോളയാർ, ഇടുക്കി,ചെങ്കുളം എന്നീ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | (ഇ) ഈ പദ്ധതി 3 ഘട്ടങ്ങളിലായി 6 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 85 23-12-2010-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസിനുള്ള മുന്നൊരുക്കം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.എസ്.രാജേന്ദ്രൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ)<br><br>ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി യിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ)<br><br>35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ''നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്'' രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്തു പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിയ്ക്കുന്നു. മറ്റ് ആറ് പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിയ്ക്കാവുന്ന അവസ്ഥയിലാണ്. ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിയ്ക്കുന്നു.<br>പുതിയ നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗെയിംസ് വില്ലേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു പുതുക്കിയ പദ്ധതി രൂപരേഖയും തയ്യാറായിട്ടുണ്ട്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം അന്വൂറ്റി അടിസ്ഥാനത്തിലാണ് (തുല്യ വാർഷിക ഗഡുക്കളായി) നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ മുഖേന 8 കമ്പനികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

(ബി)
ഇതിനായി ഏതെല്ലാം സ്റ്റേഡിയങ്ങൾ നവീകരിച്ചിട്ടുണ്ട് ;

(ബി)
ഗെയിംസ് നടത്തിപ്പിനായി താഴെ പറയുന്ന സ്റ്റേഡിയങ്ങളാണ് നവീകരിക്കുന്നത്.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം.
5. ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി) തിരുവനന്തപുരം.
6. വാട്ടർ അതോറിറ്റി നീന്തൽകുളം, തിരുവനന്തപുരം.
7. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം.
8. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
9. കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ.
10. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
11. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശൂർ.
12. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്.
13. സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം.
14. വെള്ളായണി കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം.

(സി)
എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത് ;

(സി)
35-ാമത് ദേശീയ ഗെയിംസിന് സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും നടത്തിപ്പിനുമായി 446.16 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) (ഡി)

സൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 110 കോടി രൂപ കേന്ദ്രം അനുവദിക്കുകയും ആദ്യ ഗഡുവായി 55 കോടി രൂപ സർക്കാരിനു കൈമാറിയിട്ടുമുണ്ട്.

(ഇ) സ്റ്റേഡിയങ്ങളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2012 ഏപ്രിൽ - മെയ് മാസത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് വേണ്ട വിദഗ്ധ പരിശീലനം നൽകുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 86 — 23-12-2010-ൽ മറുപടിയ്ക്ക്

## സ്പോർട്സ് മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.ബാബു എം.പാലിശ്ശേരി: | ശ്രീ.എം.വിജയകുമാർ<br>(നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പു മന്ത്രി) |
| (എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സ്പോർട്ട്സ് മേഖലയുടെ അടിസ്ഥാന വികസനത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വന്നു കഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിയ്ക്കുന്നതിനും പുതിയവ സ്ഥാപിയ്ക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ധനസഹായം നൽകി വരുന്നു. ഈ ഇനത്തിൽ ഈ സർക്കാർ സ്പോർട്സ് കൗൺസിൽ മുഖേന 17,89,60,689/- രൂപയും കായിക യുവജന കാര്യ ഡയറക്ടർ മുഖേന 9.5 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

കൂടാതെ, സ്പോർട്സ് രംഗത്തെ വികസനം ലക്ഷ്യമാക്കി ഒരു സ്പോർട്സ് കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ 69 ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് പരിശോധിച്ചു വരികയുമാണ്.

ഇവ കൂടാതെ, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, വിഷൻ ഇൻഡ്യ, ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. മലപ്പുറത്ത് ഒരു ഫുട്ബോൾ അക്കാദമി, തലശ്ശേരിയിൽ ഒരു സർക്കസ് അക്കാദമി, വയനാട്ടിൽ ഒരു ആർച്ചറി അക്കാദമി, ചടയ മംഗലത്ത് ഒരു വനിതാ സ്പോർട്ട്സ് അക്കാദമി, പിരപ്പൻകോട് നീന്തൽ സമുച്ചയം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 18 സ്ഥലങ്ങളിൽ 33 നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 400 കോടി രൂപ ചെലവിൽ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന നടത്തുന്നുണ്ട്.

ഇതിനെല്ലാം പുറമെ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിയ്ക്കുകയും, അതോടനുബന്ധിച്ച് നടപ്പാക്കാനായി ഒരു സ്പോർട്സ് കലണ്ടറിന് അംഗീകാരം നൽകുകയും ആയവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്പോർട്സ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ ഈ വർഷം നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 69 ശുപാർശകളടങ്ങുന്ന സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. താഴെ പറയുന്ന ശുപാർശകളാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിയ്ക്കുന്നത്.

1) ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളും.
2) കായിക സർവ്വകലാശാല സ്ഥാപിയ്ക്കുക.
3) സ്പോർട്സ് ഡെവലപ്പ്മെന്റ് ഫണ്ട് ഏർപ്പെടുത്തുക.
4) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി.
5) മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ അന്തർദ്ദേശിയ നിലവാരത്തിൽ ഉയർത്തുന്നത്.
6) സംസ്ഥാന സ്കൂൾ കായിക മേളയുടെ പുന: ക്രമീകരണം.

(സി) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്ത് കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സ്ഥാപക ഡയറക്ടർ ജനറലായ ശ്രീ.എ.കെ.പാണ്ഡ്യയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) സ്പോർട്സ് ക്വാട്ട നിയമനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(ഡി) പ്രഗത്ഭ കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം പ്രതിവർഷം 20 ഒഴിവുകളിലേയ്ക്ക് നിയമനം നൽകി വരുന്നു. കൂടുതൽ കായിക താരങ്ങൾക്ക് അവസരം നൽകുന്നതിന്റെ ഭാഗമായി 2009 മുതൽ 50 പേർക്ക് പ്രതിവർഷം നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിനും പുറമെ സംസ്ഥാന പോലീസിൽ സ്പോർട്സ് ക്വാട്ടാ നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട | 23.12.2010-ൽ |
| ചോദ്യം നമ്പർ. 87 | മറുപടിയ്ക്ക് |

## ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ. എസ്.ബിജി മോൾ:**<br>**ശ്രീ.വി.എസ് സുനിൽ കുമാർ:**<br>**ശ്രീ.കെ. അജിത്**<br>**ശ്രീ.ബാബുപോൾ** | **ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്; ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | ഔഷധസസ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഔഷധസസ്യബോർഡ് വീട്ടു വളപ്പിലും പറമ്പിലും ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നതിനായി ദേശീയ ഔഷധസസ്യബോർഡിൽ നിന്നും 2002 മുതൽ സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. 2002 -2008 കാലയളവിൽ 104 പദ്ധതികളിലായി 138 ലക്ഷം രൂപ സാമ്പത്തികസഹായമായി നൽകിയിട്ടുണ്ട്. ഇതിൽ കൂടി 2000 ത്തിൽപ്പരം ഏക്കർ സ്ഥലത്ത് ഔഷധസസ്യകൃഷി ഇടവിളയായും തനിവിളയായും വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ 2008 മുതൽ മേൽ പദ്ധതി സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ സ്കൂളുകളിലും തെരെഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഓഫീസുകളിലും ആയുർവ്വേദ ആശുപത്രികളിലും ഔഷധചെടികൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

| | |
|---|---|
| ബി) സംസ്ഥാനത്ത് സ്കൂളുകളിൽ ഔഷധ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി 2005-2006 അധ്യായനവർഷം മുതൽ സ്കൂളുകളിൽ സംസ്ഥാന ഔഷധ സസ്യബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ***സ്കൂളിൽ ഒരു ഔഷധത്തോട്ടം***. ഈ പദ്ധതിയിൽക്കൂടി ആയുർവേദ ഔഷധ നിർമ്മാണരംഗത്ത് സാധാരണമായി ഉപയോഗിക്കുന്ന ചുരുങ്ങിയത് 25 ഇനങ്ങളിൽപ്പെട്ട 50 മുതൽ 100 വരെ (സ്ഥലപരിമിതി അനുസരിച്ച്) ഔഷധ ചെടികളെങ്കിലും എല്ലാ വിദ്യാലയങ്ങളിലും നട്ടുവളർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. സോഷ്യൽ ഫോറസ്ട്രി, വനംവകുപ്പ്, ഔഷധി തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളും ഓയിസ്ക എന്ന ഗവൺമെന്റേതര സന്നദ്ധ സംഘടനയും ആണ് മേൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി ദേശീയ ഔഷധസസ്യബോർഡിൽ നിന്നും ടി. സ്ഥാപനങ്ങൾക്ക് പദ്ധതികൾ മുഖേന ധനസഹായം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകമാനമായി ഇതിനകം മേൽപദ്ധതി 940 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| സി) നടപ്പാക്കിയ സ്കൂളുകളിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ഉണ്ട്. സംസ്ഥാന ഔഷധസസ്യബോർഡിലെ ഉദ്യോഗസ്ഥരും ദേശീയ ഔഷധസസ്യ ബോർഡിലെ ഉദ്യോഗസ്ഥരും കൂടാതെ ദേശീയ ഔഷധസസ്യബോർഡ് നിയോഗിച്ചിട്ടുള്ള ഏജൻസിയും സ്കൂളിലൊരുഔഷധത്തോട്ടം പദ്ധതിയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലായി വിലയിരുത്തിയിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള 80% ഔഷധസസ്യങ്ങളും വളരെ നല്ലരീതിയിൽ വളർന്നുവരുന്നു. |
| ഡി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര ഔഷധ ബോർഡിൽ നിന്നും എത്ര തുക ചെലവഴിച്ചു ; ഇതിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ? | സ്കൂളിൽ ഒരു ഔഷധത്തോട്ടം പദ്ധതിക്കായി നാളിതുവരെ 100.62/- ലക്ഷം രൂപ ദേശീയ ഔഷധസസ്യബോർഡ് വിവധ ഏജൻസികൾക്കായി അനുവദിക്കുകയും അതിൽ 86.62 ലക്ഷം രൂപ വിവിധ ഗഡുക്കളായി ഏജൻസികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഏജൻസികൾക്ക് ദേശീയ ഔഷധസസ്യബോർഡിൽ നിന്നും അനുവദിച്ച തുകയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | ഫണ്ട് നൽകുന്ന സ്ഥാപനം | അനുവദിച്ച തുക (in lakhs) | റിലീസ് ചെയ്ത തുക (in lakhs) | നടപ്പിലാക്കിയ സ്ഥാപനം | ലക്ഷ്യമിട്ട സ്കൂളുകളുടെ എണ്ണം | നേട്ടം |
|---|---|---|---|---|---|---|
| 2005-06 | National Medicinal Plants Board | 10.00 | 10.00 | Organization for Industrial Spiritual and Cultural Advertisement | 100 | 105 |
| 2006-07 | Directorate of Ayurveda Medical Education | 20.00 | 20.00 | Organization for Industrial Spiritual and Cultural Advertisement | 200 | 215 |
| 2006-07 | National Medicinal Plants Board | 20.62 | 15.12<br>5.50 | Social Forestry<br>Oushadhi | 300<br>100 | 280<br>110 |
| 2007-08 | National Medicinal Plants Board | 20.00 | 16.00 | Organization for Industrial Spiritual and Cultural Advertisement | 200 | 230 |
| 2010-11 | National Medicinal Plants Board | 30.00 | 20.00 | Oushadhi | സ്കൂളുകൾ തെരഞ്ഞെടുത്ത നടപടി പുരോഗമിക്കുന്നു. | |
| | **Total** | 100.62 | 86.62 | | 900 | 940 |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 88 — 23.12.2010 - ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. പി. വിശ്വൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. സാജു പോൾ
പ്രൊ. സി. രവീന്ദ്രനാഥ്

ശ്രീ.ജോസ് തെറ്റയിൽ
(ഗതാഗത വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ബസ് ടെർമ്മിനൽ കം ഷോപ്പിംഗ്കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) യും (ബി) യും | യാത്രക്കാരുടെയും, ജീവനക്കാരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരളത്തിൽ അങ്ങോളമിങ്ങോളമുളള ബസ് സ്റ്റേഷനുകളിൽ സിവിൽ ജോലികൾ നടക്കുന്നുണ്ട്. കൂടാതെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വിവിധ സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി. അടിസ്ഥാനത്തിലും, കെ.എസ്.ആർ.ടി.സി. നേരിട്ടും നിർമ്മിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുവാൻ ഉൾപ്പെടുത്തിയിരിക്കുന്ന കോഴിക്കോട് 2011 ഡിസംബറിലും, തിരുവനന്തപുരം സെൻട്രൽ 2012 ജൂണിലും, തിരുവല്ല 2012 മേയിലും ആണ് പൂർത്തീകരിക്കാൻ പദ്ധതി ഇട്ടിട്ടുളളത്. ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം 2011 ജനുവരി യിലാണ് നടത്താൻ തീരുമാനിച്ചിട്ടുളളത്. കെ.എസ്.ആർ.ടി.സി. |
| (ബി) | ആദ്യഘട്ടത്തിൽ ഏതെല്ലാം ബസ് സ്റ്റേഷനുകളിൽ പണി ആരംഭിച്ചു; ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | നേരിട്ട് നിർമ്മിക്കുന്ന കാസർഗോഡ് 2011 ജനുവരിയിലും, കാട്ടാക്കട 2011 ഏപ്രിലിലും ആണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് നിർമ്മിച്ച കൊട്ടാരക്കര 2010 മേയ് മാസം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് മുന്നോട്ടു വന്നിട്ടുള്ളത്; | (സി) | കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുമായി സഹകരിക്കുന്നത് കെ.ടി.ഡി.എഫ്.സി. മാത്രമാണ്. കെ.ടി.ഡി.എഫ്.സി, ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ടുകളുടെ ബി.ഒ.റ്റി. ഓപ്പറേറ്ററായി പ്രവർത്തിക്കുന്നു. |
| (ഡി) | ഷോപ്പിംഗ് കോംപ്ലക്സിനായി പ്രധാന ബസ് സ്റ്റേഷനുകളോടു ചേർന്നുള്ള സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഷോപ്പിംഗ് കോംപ്ലക്സിനായി സ്ഥലങ്ങൾ ഏറ്റെടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (ഇ) | ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥലം അനുവദിക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | ഇന്ററസ്റ്റ് ഫ്രീ സെക്യൂരിറ്റി ഡിപ്പോസിറ്റും (Interest free security deposit) നിശ്ചിത മാസ വാടകയും നൽകാൻ തയ്യാറുള്ള വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ആണ് ഷോപ്പിംഗ് കോംപ്ലക്സുകളിൽ കച്ചവടസ്ഥലങ്ങൾ അനുവദിക്കുന്നത്. ഇതിനായി ടെണ്ടർ ക്ഷണിച്ചിട്ട് ആരും ടെണ്ടർ സമർപ്പിക്കാത്ത പക്ഷം, കൂടുതൽ മാസ വാടക നല്കുവാൻ തയ്യാറാകുന്നവർക്ക് കച്ചവട സ്ഥലം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.89 — 23.12.2010ൽ മറുപടിയ്ക്ക്

**കേരള സാമൂഹിക സുരക്ഷാ മിഷൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ.കെ.സി.രാജഗോപാലൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹിക സുരക്ഷാ മിഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (എ) | 1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും, പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ, ഗുരുതരമായ രോഗബാധിതരായവർ, ക്യാൻസർ ബാധിതർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യമുള്ള എല്ലാപേർക്കും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.<br>2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.<br>3. സർക്കാർ ആശുപത്രികളിൽ പോഷക മൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സൗകര്യങ്ങൾ ചെയ്യുക.<br>4. സർക്കാർ ആശുപത്രികളിൽ നിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.<br>5. വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.<br>6. സാമൂഹ്യ പഠനങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതിക പഠനങ്ങൾ, പരിസ്ഥിതിപഠനങ്ങളുടെ ഡോക്യുമെൻേറഷൻ നടത്തുക.<br>7. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് ആവശ്യമായ പരിശീലനം നൽകി കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.<br>8. സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.<br>9. മുകളിൽ ചേർത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക. |
| (ബി) | മിഷൻ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാന പദ്ധതികൾ<br>1. ക്യാൻസർ സുരക്ഷാ പദ്ധതി<br>2. താലോലം പദ്ധതി<br>3. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി.<br>4. ഹംഗർഫ്രീ സിറ്റി പദ്ധതി.<br>5. കാരുണ്യ സമ്പാദ്യ പദ്ധതി.<br>6. ആശ്വാസകിരണം പദ്ധതി.<br>7. സ്നേഹസ്പർശം പദ്ധതി.<br>8. വയോജനങ്ങൾക്കുള്ള പദ്ധതി.<br>9. എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി.<br>10. അന്നദായനി സ്കീം.<br>11. പേമെൻറ് ഗേറ്റ് വേ.<br>12. കുട്ടികളിലേയും കൗമാരപ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണ തടയുന്നതിനുള്ള കർമ്മ പദ്ധതി.<br>13. പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, gender issues മുതലായവയിലുള്ള ബോധവൽക്കരണം. |
| (സി) | ദുർബല ജനവിഭാഗങ്ങളുടെ ആരോഗ്യവും പോഷകശേഷിയും ഉയർത്തുന്നതിന് മിഷൻ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (സി) | ട്രൈബൽ മേഖലയിലെ കുട്ടികൾക്കും, സ്ത്രീകൾക്കും, വയോജനങ്ങൾക്കും പാകം ചെയ്ത് ഭക്ഷണം നൽകുന്ന " അന്നദായിനി " പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി. 2009 ജൂലൈ മാസം മുതൽ നിലമ്പൂരിലെ ട്രൈബൽ കോളനികളിൽ 272 പേർക്ക് 30.9.2010 വരെ രണ്ട് നേരത്തെ ഭക്ഷണം പാകം ചെയ്തു നൽകി. ഈ പദ്ധതി മറ്റു മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വയോജനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ഡി) | 1. സർക്കാർ വൃദ്ധസദനങ്ങളിലേക്ക് കെയർ ഗിവേഴ്സിനെയും വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ ആവശ്യമായ ഡോക്ടർമാർ, പാരാ മെഡിക്കൽ ഉദ്യോഗസ്ഥർ, മറ്റു സഹായികൾ എന്നിവരെ നൽകി വരുന്നു.<br>2. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വൃദ്ധരെ മറ്റു വൃദ്ധമന്ദിരങ്ങളിലേയ്ക്ക് പുനരധിവസിപ്പിച്ചു വരുന്നു. ടി ഒൻപതാം വാർഡ് പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം നടത്തി വരുന്നു. |
| (ഇ) | വിവിധ പദ്ധതികൾക്കായി മിഷൻ ഈ വർഷം എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ? | (ഇ) | വിവിധ പ്രധാന പദ്ധതികൾക്കായി മിഷൻ ഈ വർഷം (1/4/2010 മുതൽ 31/10/2010 വരെ) വിനിയോഗിച്ച തുക. |

| പദ്ധതി | തുക(രൂപയിൽ) |
|---|---|
| 1.ക്യാൻസർ സുരക്ഷാ പദ്ധതി | 221.38 ലക്ഷം |
| 2.താലോലം പദ്ധതി | 187.65 ലക്ഷം |
| 3.വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം | 548.47 ലക്ഷം |
| 4.ഹംഗർഫ്രീ സിറ്റി പദ്ധതി | 2.73 ലക്ഷം |
| 5.കാരുണ്യ സമ്പാദ്യ പദ്ധതി | ഇല്ല |
| 6.ആശ്വാസകിരണം പദ്ധതി | 12.73 ലക്ഷം |
| 7.സ്നേഹസ്പർശം പദ്ധതി | 2.69 ലക്ഷം |
| 8.വയോജനങ്ങൾക്കുള്ള പദ്ധതി | 22.12 ലക്ഷം |
| 9.എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായം | 10.97 ലക്ഷം |
| 10.അന്നദായനി സ്കീം | 2.98 ലക്ഷം |
| 11.പേമെൻറ് ഗേറ്റ് വേ | ഇല്ല |
| 12.കുട്ടികളിലേയും കൗമാര പ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത | 0.22 ലക്ഷം |

| | | | | | |
|---|---|---|---|---|---|
| | | | തടയുന്നതിനുള്ള കർമ്മ പദ്ധതി | | |
| | | | 13.പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, **gender issues** മുതലായവയിലുള്ള ബോധവൽക്കരണം | 17.51 ലക്ഷം | |
| | | | 14.കുടുംബശ്രീ ബഡ് സ്കൂളുകൾക്ക് ബസ് (വൈകല്യമുള്ളവർക്കായിട്ടുള്ള പദ്ധതി) | 79.88 ലക്ഷം | |
| | | | 15.മലബാർ ക്യാൻസർ സെൻററിന് ലിനിയാർ ആക്സിലറേറ്റർ | 300.00 ലക്ഷം | |
| | | | 16.സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | 195.62 ലക്ഷം | |
| | | | 17.സാമൂഹ്യക്ഷേമ വകുപ്പിൻെറ സ്ഥാപനങ്ങളിൽ കെയർ ഗിവേഴ്സിനെ നല്കുന്ന പദ്ധതി | 10.82 ലക്ഷം | |

R. Vijayak

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.90    23.12.2010 ൽ മറുപടിയ്ക്ക്**

### മുല്ലപ്പെരിയാർ പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.ബാബു | ശ്രീ.എൻ. കെ.പ്രേമചന്ദ്രൻ<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ; | (എ) മുല്ലപ്പെരിയാറിലെ പുതിയ ഡാമിന്റെ നിർമ്മാണത്തിന് ആവശ്യമായ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ ചെയ്ത് പുതിയ ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത വിവരങ്ങൾ കൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത് കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ |

| | |
|---|---|
| | തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിനകം അന്തിമ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. |
| (ബി) ഇതിനായി വിവിധ പ്രദേശങ്ങളിലെ വനം സർവേ . പൂർത്തിയാക്കിയോ; ഇനി ഇതിനായി എന്തെല്ലാം വിശദമായ പഠനങ്ങളാണ് വേണ്ടത് ; | (ബി) ഡാമിന്റെ രൂപകല്പനയ്ക്കും DPR [illegible] തയ്യാറാക്കുന്നതിനും , റിവർ സർവേ, ബോർഹോൾ കുഴിക്കൽ എന്നീ രണ്ട് സർവ്വേകൾ ആവശ്യമാണ്. ഇതിൽ റിവർ സർവ്വേ (പെരിയാർ ടൈഗർ റിസർവ്വിനകത്തും പുറത്തുമുള്ള) പൂർത്തിയായി കൂടാതെ 5 ബോർഹോളുകൾ എടുക്കുകയും സാമ്പിൾ പരിശോധിക്കുകയും ചെയ്തു. എന്നാൽ തദവസരത്തിൽ സന്നിഹിതരായിരുന്ന **ജിയോളജിക്കൽ** സർവേ ഓഫ് ഇന്ത്യയുടെ (ജി.എസ്.ഐ) ഉദ്യോഗസ്ഥർ നിർദ്ദേശിച്ചതനുസരിച്ച് 10 ബോർഹോളുകൾ അധികമായി എടുക്കേണ്ടതുണ്ട്. അതിനുള്ള നടപടി പൂർത്തിയായി വരുന്നു. |

| | |
|---|---|
| (സി) പുതിയ ഡാമിന്റെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; | (സി) കരട് DPR തയ്യാറാക്കിയിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം അധികമായി 10 ബോർഹോളുകൾ എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അതിനു ശേഷം ജി.എസ്.ഐ യുടെ ഇൻസ്പെക്ഷൻ കഴിഞ്ഞ് സാമ്പിൾ ടെസ്റ്റ് ചെയ്ത് പഠനം പൂർത്തിയാക്കേണ്ടതുണ്ട്. ഡാം സെക്ഷൻ സംബന്ധിച്ച തീരുമാനം എടുക്കുന്നമുറക്ക് സ്പിൽവേയുടെയും മറ്റും ഭാഗത്ത് ബോർഹോൾ എടുക്കേണ്ടതായി വരും. പഴയ ഡാമിന്റെയും , പുതിയ ഡാമിന്റെയും ഡാം ബ്രേക്ക് അനാലിസിസ് ചെയ്യേണ്ടതായിട്ടുണ്ട്. |
| (ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതു സംബന്ധിച്ച എന്തൊക്കെ നിർദ്ദേശങ്ങളാണ് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ സർക്കാർ സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നത് സംബന്ധിച്ച് സമർപ്പിച്ച 'response' ന്റെ പ്രസക്ത ഭാഗം അനുബന്ധം (എ) യിൽ സമർപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് .